ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2009, JULY

YAKKOOBYAN MONTHLY



## വനിതാപംക്തി

# സ്ത്രീയും സഭയും

പഴയനിയമസഭയിൽ സ്ത്രീകളെ അശുദ്ധരെപ്പോലെയാണ് പരിഗണിച്ചിരുന്നത്. സ്ത്രീയായി ജനിപ്പിക്കാഞ്ഞതിൽ സ്തുതിക്കുന്ന യഹൂദപുരുഷന്മാർ ഉണ്ടായിരുന്നു. സ്ത്രീ ന്യായപ്രമാണം പഠിക്കാനോ സഭയിൽ സംസാരിക്കനോ കഴിഞ്ഞിരുന്നില്ല. പുരുഷന്റെ അടിമയായി മൂടപടമിട്ട് കഴിയാനേ അനുവാദമുണ്ടായിരുന്നുള്ളൂ. നിസ്സാര തെറ്റുകൾക്കുപോലും ഭാര്യയെ പിരിച്ചുവിടാൻ ന്യായപ്രമാണം അനുവദിച്ചിരുന്നു. വ്യഭിചാരക്കുറ്റം സ്ത്രീകളിൽ മാത്രമായി ഒതുക്കിയിരുന്നു. എന്നാൽ പുരുഷനു വിവാഹമോചനവും ബഹുഭാര്യാത്വവും സ്വാതന്ത്ര്യവും അനുവദിച്ചിരുന്നു.

പുതിയനിയമ കാലഘട്ടത്തിൽ ഈ സമീപനത്തിന് മാറ്റംവരുന്നുണ്ട്. കന്യകമറിയാമാകുന്ന സ്ത്രീ മുഖാന്തിരം ലോകത്തിന് രക്ഷകനെ ലഭിച്ചതിനാൽ പഴയ ശാപത്തിൽ നിന്നും സ്ത്രീ വിമുക്തയായി. സ്ത്രീത്വത്തെ ഉയർത്തുവാൻ യേശുക്രിസ്തു പ്രാരംഭമിട്ടു. വിവാഹമോചനത്തിന് 'വ്യഭിചാരക്കുറ്റം' മാനദണ്ഡമാക്കി. അത് സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെന്നു യേശു പ്രഖ്യാപിക്കുകയും ചെയ്തു. തന്റെ ശിഷ്യസമൂഹത്തിൽ ധാരാളം സ്ത്രീകളെയും യേശു അനുവദിച്ചു. കർത്താവിന്റെ പുനരുത്ഥാനത്തിന് സാക്ഷികളായി, സുവിശേഷപ്രവർത്തനത്തിലേർപ്പെടുന്ന സ്ത്രീകളെ പുതിയനിയമകാലഘട്ടത്തിൽ ധാരാളമായി കണ്ടുമുട്ടുന്നുണ്ട് (മത്താ. 27:55; മാർക്കോ. 15:41; ലൂക്കോ. 7:1-10:33; 23:55-23:55-24:10). അപ്പോസ്തോലിക സഭയിൽ സ്ത്രീകളും സജീവ പങ്കാളികളായിരുന്നു. ആരാധനയിലും വചനശുശ്രൂഷകളിലും സഭാജീവിതത്തിലും സ്ത്രീപുരുഷവ്യത്യാസമില്ലാതെ എല്ലാവരും പങ്കുകൊണ്ടു (അ.പ്ര. 1:14). ക്രിസ്തുവിൽ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലെന്ന് പൗലൂസ് ശ്ലീഹാ പഠിപ്പിച്ചു (ഗലാ. 3:28).

ഭരണച്ചുമതലകളിൽ സ്ത്രീകളെ അപ്പോസ്തോലിക സഭയിൽ കാണുന്നില്ല. എന്നാൽ അക്കാലത്ത് ഭവനങ്ങളിലായിരുന്നു സഭ സമ്മേളിച്ചിരുന്നത്. അപ്പോഴൊക്കെ ഗൃഹനായികമാരായ സ്ത്രീകൾക്ക് പ്രത്യേകമായ ഒരു സ്ഥാനം ഉണ്ടായിരുന്നു (അ.പ്ര. 12:12; 16:14; 1 കൊരി. 1:11). ഭാര്യാഭർത്താക്കന്മാർ സഹകരിച്ച് ദൈവശുശ്രൂഷ നിർവഹിക്കുന്നതായി കാണുന്നു (അ.പ്ര. 18:2; 18:26; റോമ. 14:3; 1 കൊരി. 16:19;2 തിമൊ. 4:19). പ്രത്യേകം പരിഗണന നൽകികൊണ്ട് ചില സ്ത്രീകളെ പൗലൂസ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നുമുണ്ട് (റോമ. 16:1-2; 6:12; ഫിലി. 4:2-3). പ്രവാചികകളായും പല സ്ത്രീകൾ വേദപുസ്തകത്തിൽ പരാമർശിക്കപ്പെടുന്നു (ലൂക്കോ. 2:36-38; അ.പ്ര. 2:17-18; 21:9). ശെമ്മാശിനിയായി, വിധവകളെ ശുശ്രൂഷിക്കുന്നതിലേക്ക്, കെംക്രായ സഭയിലെ ഫീബയെ നാം കാണുന്നു (റോമ. 16:1-2). സ്ത്രീകൾ തലമൂടണമെന്നും (1 കൊരി. 11:16) സഭയിൽ മിണ്ടാതിരിക്കട്ടെ എന്നും (1 കൊരി. 14:34-36) ഔദ്യോഗിക ഉപദേഷ്ടാവ് ആയോ, പുരുഷന്റെമേൽ കർത്തൃത്വം നടത്തുന്ന ഭരണകാര്യത്തിലോ സ്ത്രീകൾ നിയമിക്കപ്പെടരുത് എന്ന സൂചനകളും കാണുന്നുണ്ട് (1 തിമോ. 2:12). 'പ്രായമായ സ്ത്രീകൾക്ക് വിധവമാരേയും ചെറുപ്പക്കാരികളേയും, ഉപദേശത്തിലും, മാതൃകയിലും പരിപാലിക്കുവാനുള്ള ചുമതല എടുത്തു പറയുന്നുമുണ്ട് (1 തിമൊ. 5:2; തീത്തു: 2:3).

# പെന്തക്കോസ്ത് മാധ്യമങ്ങൾ നുഴഞ്ഞുകയറുന്നു

## ഡീക്കൻ ഡോ. ബെൻസിമാത്യു, റാന്നി

'സഭയുടെ ഭിത്തിയെ ബലവത്താക്കുക ശിലമേൽ നിർത്തി...' എന്ന പ്രാർത്ഥനാഗാനം വിശുദ്ധ കുർബാനയർപ്പണത്തിന്റെ സമാപനത്തിങ്കൽ പട്ടക്കാരനും വിശ്വാസികളും ഏറ്റുപറഞ്ഞ് ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രൊട്ടസ്റ്റന്റ് പെന്തക്കോസ്ത് പ്രസിദ്ധീകരണങ്ങളും അവരുടെ ദൃശ്യശ്രാവ്യമാധ്യമങ്ങളും പൗരോഹിത്യ പുരാതന സഭാവിഭാഗങ്ങളിലുള്ളവരെ ആകർഷിക്കുന്നതിനായി പ്രത്യേക ടാർജറ്റ് തയ്യാറാക്കി പ്രവർത്തിക്കുന്നത് സഭ ശ്രദ്ധയോടെ വീക്ഷിക്കുകയും ഫലപ്രദമായി പ്രതിരോധിക്കുകയും ചെയ്യേണ്ടതാണ്. എക്യൂമെനിക്കൽ രംഗത്ത് സഭകൾ തമ്മിലുള്ളതായ പരസ്പരണ ബഹുമാന-സഹകരണ പാതയോട് മറുതലിച്ച് നില്ക്കുവാനും വേർപാട് ആചരിക്കുന്നവർ വിവിധ ക്രൈസ്തവ സഭകളുടെ സംയുക്തയോഗം ആളുകളെ പോക്കറ്റിലാക്കുവാൻ ശ്രമിക്കുന്നതും വീടുകളിൽ നുഴഞ്ഞുകയറി ആശയക്കുഴപ്പമുണ്ടാക്കുന്നതും മാറ്റി മധുരം പൂശിയ പബ്ലിസിറ്റി ഓഫറുകൾ വാഗ്ദാനം ചെയ്ത് വഞ്ചിക്കുവാനുള്ള ആധുനിക തന്ത്രങ്ങളാണ് ഇപ്പോൾ.

സത്യവിശ്വാസത്തിനെതിരേ യുദ്ധം പ്രഖ്യാപിച്ച് ആടുമോഷണം നടത്തുന്ന നീവന സമൂഹങ്ങൾ സഭാപിതാക്കന്മാരേയും ജനങ്ങളേയും ഉൾപ്പെടുത്തി മാസികകളിൽ ഫീച്ചറും, അഭിമുഖവുമൊക്കെ അച്ചടിക്കുന്നതും റ്റി.വി. പ്രോഗ്രാം തയ്യാറാക്കുന്നതിന്റെയുമൊക്കെ ലക്ഷ്യം നാം തിരിച്ചറിയണം. സുറിയാനി സഭാവിശ്വാസത്തെ ഇകഴ്ത്തുന്ന പെന്തക്കോസ്ത് പ്രസിദ്ധീകരണങ്ങൾ സഭയുടെ അംഗങ്ങളെ തേടിപ്പിടിച്ച് പുകഴ്ത്തിയെഴുതുന്നതിന്റെ ചേതോവിഹാരം തിരിച്ചറിയപ്പെടുകയും വേണം.

ആദ്യ പുസ്തകത്തിൽ മൂന്നാം അദ്ധ്യായം ഒന്നുമുതൽ ആറ് വരെയുള്ള ഭാഗത്ത് മനുഷ്യനെ പാപത്തിലേക്ക് വീഴ്ത്തുന്ന സാത്താന്റെ തന്ത്രങ്ങൾ കാണുവാൻ കഴിയും. ക്ഷണിക്കപ്പെടാത്ത അഭ്യുദയകാംക്ഷിയായി മനുഷ്യനെ സമീപിക്കുന്നതും, അചഞ്ചലമായ ദൈവവിശ്വാസത്തെ തകർക്കാൻ ശ്രമിക്കുന്നതും, ഭൗതീകമായ പേരും പെരുമയും പ്രചാരണവും ഉന്നതിയും വാഗ്ദാനം ചെയ്യുന്നതും സ്നേഹബന്ധങ്ങൾ മുതലെടുത്ത് പാപത്തിൽ വീഴ്ത്തുവാൻ ശ്രമിക്കുന്നതുമായ സാത്താന്യ നടപടികൾ വിശുദ്ധ ഗ്രന്ഥത്തിന്റെ തുടക്കംതന്നെ നമുക്ക് പറഞ്ഞുതരുന്നു. എപ്രകാരം വിശ്വാസികളെ തെറ്റിച്ച് വലയിലാക്കാം എന്ന് ചിന്തിച്ചുകൊണ്ട് ഉഴന്നുനടക്കുന്ന സാത്താന്യ ശക്തികളുടെ കാപട്യം നിറഞ്ഞ സ്നേഹസന്ദർശനങ്ങൾ തിരിച്ചറിയുവാൻ ഓരോ വിശ്വാസിയേയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് സഹായിക്കട്ടെ.

## എഡിറ്റോറിയൽ

# ഭാരതത്തിന് ഒരു വിദ്യാഭ്യാസനയം വേണം

കേരളത്തിന് മാത്രമല്ല ഇൻഡ്യക്ക് മൊത്തമായി ഒരു വിദ്യാഭ്യാസനയം അന്ത്യന്താപേക്ഷിതമായിരിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗം കലുഷിതമാണ്, മറ്റ് സംസ്ഥാനങ്ങൾക്ക് ഒന്നിനും കടിഞ്ഞാണുമില്ല. ഫലത്തിൽ വിദ്യാഭ്യാസം സമ്പന്നർക്ക് മാത്രമുള്ളതായിരിക്കുന്നു. പൊതുമേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഒപ്പം സ്വകാര്യമേഖലയെ പാടെ തഴയുകയുമരുത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവടസ്ഥാപനങ്ങളായി തരംതാണിരിക്കുന്നു. ക്രൈസ്തവ സ്ഥാപനങ്ങൾപോലും ക്രൈസ്തവ സാക്ഷ്യവും മൂല്ല്യങ്ങളും നഷ്ടപ്പെടുന്ന തരത്തിലാണ് പ്രവർത്തനം. ന്യൂനപക്ഷവകാശം സമ്പാദനത്തിനുള്ള മാർഗ്ഗമാകരുത്. സഭകളിലെ പാപപ്പെട്ടവർക്കുകൂടി പ്രയോജനകരമായിരിക്കണം നമ്മുടെ സ്ഥാപനങ്ങൾ.

അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും ഭരണഘടനാപരമായ ന്യൂനപക്ഷാവകാശം മുതലെടുത്ത് സംഭാവന സ്വീകരിക്കുന്ന ക്രൈസ്തവ സ്ഥാപനങ്ങൾ രണ്ട് ദശാബ്ദത്തിന് മുമ്പുവരെ ക്രൈസ്തവർ പുലർത്തിപോന്നതും മറ്റുള്ളവർ അഭിനന്ദിച്ചിരുന്നതും മാതൃകയാക്കിയതുമായ നന്മകളിൽനിന്നും പുറകോട്ടുപോയിരിക്കയാണ്.

മാനുഷിക മൂല്യങ്ങൾക്കും സ്വഭാവ വൈശിഷ്ടത്തിനും സന്മാർഗ്ഗ പഠനത്തിനും, സമൂഹനന്മക്കും ക്രൈസ്തവ സാക്ഷ്യത്തിന് മുതകുന്ന രീതിയിൽ മാതൃകകാട്ടിയും അതിനായി പുതുതലമുറയെ വാർത്തെടുക്കാൻ നമ്മുടെ സ്ഥാപനങ്ങൾക്ക് കഴിയണം.

അപ്പോസ്തോലിക കാലഘട്ടത്തിൽ എല്ലാത്തിനുമുണ്ടായിരുന്ന കൂട്ടായ പങ്കാളിത്വം, എല്ലാവരുടേയും സംതൃപ്തി സന്തോഷം ഇന്ന് സഭക്ക് നഷ്ടമായിരിക്കുന്നു. അന്ന് സഭാജീവിതത്തിൽ, ഭൗതീകജീവിതത്തിൽ എല്ലാം പൊതുവക എന്ന് എണ്ണിയതുപോലെ എല്ലാവരേയും ഉയർത്തികൊണ്ടുവരുവാൻ ഒരുമയോടെ പ്രവർത്തിപ്പാൻ സഭക്കും സഭാംഗങ്ങൾക്കും കഴിയണം. സമ്പന്നരുടെ മുന്നിൽ അവസരങ്ങളും മേഖലകളും വിശാലമായി തുറന്നുകിടക്കുമ്പോൾ പാവപ്പെട്ടവന് അവൻ ചേർന്നുനടക്കുന്ന സഭയെ മാത്രമേ ആശ്രയിക്കാനുള്ളൂ. അവിടെയും എത്തിനോക്കാൻ കഴിയാത്ത അവസ്ഥയാണെങ്കിൽ പിന്നെ സഭ എന്തിനെന്ന് അവർ ചിന്തിച്ചാൽ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. പണംകൊടുത്ത് നേടിയവർ പിന്നീട് സഭയെ തിരിഞ്ഞ് നോക്കാറില്ല. എന്നാൽ സഭകൊണ്ട് ഉയർന്നവർക്ക് എന്നും സഭയോട് കടപ്പാടും വിധേയത്വവും ഉണ്ടായിരിക്കും.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ അനിശ്ചിതത്വത്തിനി ശാശ്വത പരിഹാരം ഉണ്ടാക്കുകയും പകൽക്കൊള്ള അവസാനിപ്പിക്കുകയും വേണം. ന്യൂനപക്ഷ കോളേജുകളിൽ ന്യൂനപക്ഷങ്ങൾക്ക് 51% ൽ കുറയാതെ പ്രവേശനം നല്കുകയും താഴേക്കിടയിലുള്ളവർക്ക് സംവരണം ഏർപ്പെടുത്തുകയും വേണം. ഇന്ത്യക്ക് മുഴുവനായി ഒരു എൻട്രൻസ് ടെസ്റ്റ് മാത്രം നടത്തി അഖിലേന്ത്യാ-സംസ്ഥാന ക്വോട്ടാകളിൽ ഓപ്ഷൻ ക്രമീകരിച്ച് പ്രവേശനം നടത്തണം. ഇത് ഗവ.-സ്വകാര്യ അൺ എയ്ഡഡ് ഉൾപ്പെടെ എല്ലാ കോളേജുകൾക്കും ബാധകമാക്കണം. സംസ്ഥാന മെറിറ്റിൽനിന്ന് പ്രവേശനം നടത്താത്ത കോളേജുകൾക്ക് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ അഫിലിയേഷൻ നിഷേധിക്കണം. സർക്കാർ-സ്വകാര്യ എയ്ഡഡ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് നിർബ്ബന്ധിതമായി മൂന്ന് വർഷത്തെ സർക്കാർ സേവനം ബോണ്ടായി ക്രമീകരിച്ച് (ജനങ്ങളുടെ നികുതികൊണ്ട് പഠിച്ചവരെ) അവരെ രാജ്യത്തിന് ഉപയോഗപ്പെടുത്തണം. ഇതൊക്കെ നടപ്പാകണമെങ്കിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആത്മാർത്ഥമായി ശ്രമം നടത്തേണ്ടതുണ്ട്. തടസ്സം വൻ ലോബികളാണ്. മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, വ്യവസായ പ്രമുഖർ ഉൾപ്പെട്ടവർ ലോബി ഒരു പൊതുനിമയം ഉണ്ടാകാതിരിക്കാനും നിയമം തകർക്കാനും എല്ലാശക്തിയും ഉപയോഗിക്കും അത് അതിജീവിക്കാൻ കഴിവുള്ള അഴിമതിക്ക് കൂട്ടുനില്ക്കാത്ത സർക്കാരുകൾക്കേ ഇത് സാധിതപ്രായമാക്കാൻ കഴിയൂ. പഴുതുകളില്ലാത്ത നിയമം കേന്ദ്രം കൊണ്ടുവരികയും സംസ്ഥാനങ്ങൾ അംഗീകരിക്കുകയും വേണം. കേന്ദ്രസംസ്ഥാന മന്ത്രിമാർ നിയമജ്ഞർ സെക്രട്ടറിമാർ എന്നിവരുടെ കൂട്ടായ ചർച്ച ഇതിനാവശ്യമാണ്.

**അലക്സാണ്ടർ കാരയ്ക്കാട്**
എഡിറ്റർ




ചോദ്യം: വേദപുസ്തകവ്യാഖ്യാനങ്ങളും പ്രവചനവും തന്നിഷ്ടംപോലെ നടത്തുന്നതിനെക്കുറിച്ച് എന്തുപറയുന്നു?

ഉത്തരം: തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്തോട് ഉളവാകുന്നതല്ല. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനായാൽ മനുഷ്യർ പരിശുദ്ധാത്മാനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ (2 പത്രോ. 31).

# സഭയ്ക്ക് ഒരു വൈദീക സദനം വേണം

**ഫാദർ ഡാർലി എടപ്പങ്ങാട്ടിൽ**

"നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ, അവർ കണക്ക് ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു. ഇതു അവർ ഞരിങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല" (എബ്രാ. 13:17).

ക്രൈസ്തവ ശുശ്രൂഷ ദൈവത്തോടും, സ്വയത്തോടും, തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന വിശ്വാസ സമൂഹത്തോടും, വിധേയപ്പെട്ടുകൊണ്ടുള്ള ശുശ്രൂഷയാണ്. യാക്കോബായ സഭയിൽ പട്ടം കൊടുക്കുന്ന ശുശ്രൂഷാക്രമത്തിൽ വിശ്വാസപ്രഖ്യാപന സമയത്ത് (അമ്മാലോഗിയ) ഇപ്രകാരം പറഞ്ഞിരിക്കുന്നു. "നമ്മുടെ മക്കളെ, നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന താലന്തിന്റെ ലാഭത്തോടും സന്തോഷത്തോടുംകൂടെ, തന്റെ മുൻപാകെ നില്ക്കുവാൻ നിങ്ങളെ യോഗ്യരാക്കട്ടെ" (മത്താ. 25:14-30 കാണുക). വി. പൗലൂസ് ശ്ലീഹ തന്റെ ശുശ്രൂഷയെക്കുറിച്ച് സ്വയം മനസ്സിലാക്കിയത് ഇപ്രകാരമാണ്. "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ."

ദുരുപദേശങ്ങളും ആൾദൈവങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, വികലമായ അദ്ധ്യാത്മികതയിൽനിന്ന് ക്രിസ്തു കേന്ദ്രീകൃത ജീവിതശൈലിയിലേക്ക് വിശ്വാസ സമൂഹത്തെ നയിക്കേണ്ടവനാണ് പുരോഹിതൻ. പ്രലോഭനങ്ങളിൽനിന്നും, സ്വാധീനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി, ദൈവരാജ്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ദൈവജനത്തെ ശുശ്രൂഷിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന വൈദികൻ അനാഥമന്ദിരത്തിൽ കിടന്ന് മരിക്കേണ്ടിവരുന്ന ദയനീയാവസ്ഥ ക്രൈസ്തതവ സഭകൾക്ക് മൊത്തം നാണക്കേടാണ്. നിലമ്പൂർ സ്വദേശിയും മലബാർ ഭദ്രാസനത്തിൽ ഉൾപ്പെട്ടതുമായ വന്ദ്യ യാക്കോബ് കശീശ്ശയുടെ ശവസംസ്കാരം കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ട കാഞ്ഞിരമറ്റം-കുലയേറ്റിക്കര സെ. ജോർജ്ജ് യാക്കോബായ പള്ളിയിൽ 2009 ജൂൺ 15 ന് തിങ്കളാഴ്ച നടന്നു. കഴിഞ്ഞ 11 വർഷമായി കുലയേറ്റിക്കരയിലുള്ള 'പെലിക്കൻ സെന്റ'റിൽ അന്തേവാസിയായിരുന്നു. 11 വർഷം മുമ്പ് മാനസികരോഗത്തിന് വിധേയനായി വികൃതരൂപിയായി പെലിക്കൻ സെന്ററിൽ എത്തപ്പെട്ട ഫാ. യാക്കോബിനെ മനുഷ്യകോലത്തിലാക്കി, ചികത്സനല്കി, വി. കുർബ്ബാന അർപ്പിക്കുവാൻ പ്രാപ്തനാക്കിയെടുത്ത പെലിക്കൻ സെന്റർ മേധാവി ഫാ. സാംസൺ മോലോത്തിന്റെ കരുതലും പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. കുലയേറ്റിക്കര പള്ളി വികാരി ഫാ. മാത്യുപോൾ കാട്ടുമങ്ങാട്ട് മരണംവരെ നല്കിയ ഊഷ്മള സ്നേഹം വാക്കുകൾക്കപ്പുറമാണ്.

2009 ജൂൺ 15 ന് തിങ്കളാഴ്ച കുടുംബം ഉണ്ടായിട്ടും അനാഥനായി ദിവംഗതനായ ഫാ. യാക്കോബിന്റെ മരണാനന്തര ശുശ്രൂഷയ്ക്ക് യാക്കോബായ സഭയിലെ മൂന്ന് പിതാക്കന്മാർ നേതൃത്വം നല്കി. വമ്പിച്ച ജനാവലിയൊടൊപ്പം വൈദികഗണവും, ചരമപ്രസംഗങ്ങളുടെ ഒരു പെരുമഴതന്നെ പെയ്തിറങ്ങി.

കാഞ്ഞിരമറ്റം - കുലയേറ്റിക്കര പെലിക്കൻ സെന്ററിൽകിടന്ന് നിര്യാതനായ ഫാ. യാക്കോബിന്റെ മരണം നല്കുന്ന സന്ദേശം എന്താണ്? യാക്കോബായ സഭയ്ക്ക് ഒരു 'വൈദിക സദനം' ഉണ്ടാകേണ്ടിയിരിക്കുന്നു എന്നതാണ്. ഇനി സഭയിലെ ഒരു വൈദികനും വൃദ്ധസദനത്തിലും അനാഥമന്ദിരങ്ങളിലും കിടന്ന് നിർവ്വാണം പൂകുവാൻ ഇടയാകരുത്.

യാക്കോബായാ സഭയുടെ വളർച്ച അസൂയാവഹമാണ്. ആ വളർച്ചയിൽ പങ്കാളിയായ ഒരു വൈദികൻ നിരാലംബനായി നിരാശ്രയനായി, രോഗിയായി അനാഥ മന്ദിരത്തിൽ അന്തിയുറങ്ങി മരിക്കേണ്ടിവരുന്ന അവസ്ഥ ദാരുണമാണ്.

'ഇതാ നിന്റെ അമ്മ' എന്ന് പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് സ്വമാതാവിനെ യോഹന്നാന്റെ കരങ്ങളിൽ ഭരമേല്പിച്ചതുപോലെ വൈദികരുടെ സംരക്ഷണം വന്ദ്യതിരുമേനിമാരുടെ കരങ്ങളിലാണ് സഭാമാതാവ് ഭരമേല്പിച്ചിരിക്കുന്നത്. പുരോഹിത എന്ന വാക്കിൽ നിന്നും പുരോഹിതൻ എന്ന വാക്കു ജനിക്കുന്നു. പുരോഹിത എന്ന വാക്കിനർത്ഥം, മുമ്പിൽ വയ്ക്കപ്പെട്ട, നിയോഗിക്കപ്പെട്ട എന്നൊക്കെയാണ്. അതിനാൽ, പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം മുമ്പിൽ നടന്ന് പ്രവർത്തിക്കുന്നവൻ എന്നാണ്. മുമ്പിൽ നടന്ന് പ്രവർത്തിക്കാൻ അനുവദിച്ചില്ലെങ്കിലും പിന്നിൽനിന്ന് ജീവിതകാലം മുഴുവൻ പ്രവൃത്തിക്കുന്ന വൈദികന്റെ സംരക്ഷണം നമ്മുടെ സഭ ഉറപ്പുവരുത്തണം.

സഭയാകുന്ന മുന്തിരിത്തോപ്പിൽ വേല ചെയ്യുന്ന പുരോഹിതൻ ദൈവതിരുസന്നിധിയിൽ സഭയെ ഏറിച്ച് ഞരങ്ങികൊണ്ട് കണക്ക് ബോധിപ്പിക്കുവാൻ ഇടവരുത്തരുത്. ജീവിതമത്സരം മൂർദ്ധന്യത്തിലെത്തി നില്ക്കുമ്പോൾ, അഞ്ചക്കത്തിൽനിന്ന് ആറിലെത്തിയ വരുമാനംകൊണ്ടെന്തു ചെയ്യുമെന്നറിയാതെ സാങ്കേതിക വിദ്യസ്വന്തമാക്കിയ യുവതിടമ്പുകൾ വിരണ്ടു നില്ക്കുമ്പോൾ, പാവപ്പെട്ട വൈദികരുടെ ജീവിതാവസ്ഥയെക്കുറിച്ച് യാക്കോബായ സഭ ഒരു പുനരവലോകനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

# പ. പാത്രിയർക്കീസ് ബാവായുടെ അസ്സോസ്യേഷൻ പ്രസംഗം

**സംമ്പാദകൻ ഷെവ: പി.കെ. പൗലോസ് കൂരൻ**

വാത്സല്യമക്കളേ!

അത്യധികമായ സമാധാനാഭിലാഷത്തോടുകൂടിയിരിക്കുന്ന നിങ്ങളെ അഭിമുഖമായി കാണുന്നതിനും സമാധാനത്തിനായി നാളിതുവരെ നടത്തിയിട്ടുള്ള നടപടികൾ വിശദമായി ധരിപ്പിക്കുന്നതിനുമായിട്ടാണ് നാം നിങ്ങളെ വിളിച്ചുകൂട്ടിയിരിക്കുന്നത്. നമ്മുടെ കല്പനപ്രകാശം ഈ പരിശുദ്ധ ദേവാലയത്തിൽ ഒരുമിച്ചുരൂടിയിരിക്കുന്ന എല്ലാവരെയും നാം സന്തോഷപൂർവം അനുഗ്രഹിക്കുന്നു. 22 വർഷത്തോളമായി ഈ സഭ പലവിധ കുഴപ്പങ്ങളിലകപ്പെട്ട്, വഴിയിൽ അർദ്ധപ്രാണനായി കിടന്നിരുന്ന ആ മനുഷ്യനെപ്പോലെ കിടക്കുകയായിരുന്നുവല്ലോ. ഇവിടെയുള്ള മെത്രാപ്പോലീത്തന്മാരും, പട്ടക്കാരും പ്രമാണികളിൽ ചിലരും നമ്മോടപേക്ഷിക്കുകയും ഗീവറുഗീസ് മാർ ദീവന്നോസ്യോസ് മെത്രാപ്പോലീത്തായുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും അപേക്ഷപ്രകാരം ബഹുമാന്യനായ വൈസ്രോയി ഇർവ്വിൻ പ്രഭു അവർകൾ നമ്മോടാവശ്യപ്പെടുകയും ചെയ്തപ്പോൾ നിങ്ങളോടു നമുക്കുള്ള അളവറ്റ സ്നേഹവും സമാധാനസംസ്ഥാപനത്തിലുള്ള അത്യധികമായ ആകാംക്ഷയും ഹേതുവാൽ നമ്മുടെ രാജ്യത്തുനിന്നും നാം പുറപ്പെട്ട് അനുഗ്രഹീതമായ ഈ നാട്ടിൽ എത്തി. ഏതുവിധത്തിലും സഭയിൽ സമാധാനമുണ്ടായിക്കാണണമെന്നുള്ള അഭിവാഞ്ഛയാൽ നമ്മുടെ വാർദ്ധക്യസഹജമായ ക്ഷീണ പാരവശ്യങ്ങളെയും മാർഗ്ഗക്ലേശങ്ങളും അവഗണിച്ച് കപ്പൽമാർഗ്ഗം കറാച്ചിയിൽ ഇറങ്ങുകയും അവിടെനിന്നും ഡൽഹിയിൽ എത്തി ബഹുമാനപ്പെട്ട വൈസ്രോയി അവർകളെ സന്ദർശിക്കുകയും ചെയ്തു. അദ്ദേഹം നമ്മോടും നമ്മുടെ സഭയേയും വളരെ സ്നേഹബഹുമാനങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. അനന്തരം അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം നാം മദ്രാസിൽ എത്തി പൂജ്യനായ ഗവർണ്ണർ അവർകളെ സന്ദർശിച്ചു. അദ്ദേഹം നമ്മോടു പ്രദർശിപ്പിച്ച സ്നേഹബഹുമാനങ്ങൾ ഒരിക്കലും വിസ്മരിക്കത്തക്കതല്ല. ഗവർണ്ണർ അവർകളുടെ ബംഗ്ലാവിൽവച്ചു കൽക്കത്താ മെത്രാപ്പോലീത്താ അവർകളും, ബിഷപ്പ് ഡോക്ടർ ഗോറുമായി ഒന്നിലധികം ദിവസം തുടർച്ചയായി സമാധാനകാര്യത്തെപ്പറ്റി നാം ആലോചന നടത്തുകയും തൽസംബന്ധമായി അവർ വെച്ച ചില നിർദ്ദേശങ്ങളെ നാം സ്വീകരിക്കുകയും ചെയ്തു. എന്നാൽ നമ്മുടെ അധികാര സീമയിൽ ഉൾപ്പെടാത്തതായി അവർ പ്രസ്താവിച്ച ചില സംഗതികൾ സ്വീകരിപ്പാൻ നമുക്കു നിവൃത്തിയില്ലാതെയും വന്നുചേർന്നു എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തദനന്തരം ദൈവകൃപയാൽ നാം ആലുവയിൽ എത്തി. അടുത്ത തിങ്കളാഴ്ച മാർ ഗീവറുഗീസ് ദീവന്നാസ്യോസ് സ്വമനസാ നമ്മുടെ അടുക്കലെത്തി നമ്മുടെ അതിയായ ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിക്കുകയും ഇമ്പകരമായി നമ്മോടു സംസാരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വചനങ്ങളിൽനിന്നു പൂർണ്ണമായ അനുസരണവും വിനയവും അദ്ദേഹത്തിന് ഉള്ളതായി നാം ഗ്രഹിച്ചു. അതിനാൽ നാം വളരെ സന്തോഷിക്കയും "ഗീവറുഗീസ് മാർ ദീവാന്നാസ്യോയായി നാം നിങ്ങളെ മടക്കി അയയ്ക്കുന്നു" എന്നു നാം അദ്ദേഹത്തോടു പറയുകയും ചെയ്തു. വിശുദ്ധ വേദത്തിൽ ഒരു "ഭൂഷപ്പണം" കാണാതെപോയ സ്ത്രീ അതുകണ്ടുകിട്ടിയപ്പോൾ അവളുടെ അയൽക്കാരെ വിളിച്ചു "വരുവിൻ കാണാതെപോയ എന്റെ ഭ്രഷ്പണം കണ്ടുകിട്ടിയിരിക്കുന്നതിനാൽ എന്നോടുകൂടെ സന്തോഷിപ്പിൻ" എന്നു പറഞ്ഞിരിക്കുന്നതുപോലെ നമുക്ക് നഷ്ടപ്പെട്ടിരുന്ന ഈ ഭ്രഷ്പ്പണത്തെ കണ്ടുകിട്ടിയപ്പോൾ നമ്മുടെ സഹോദരങ്ങളായി അപ്പോൾ അവിടെ ഉണ്ടായിരുന്ന മെത്രാപ്പോലീത്താമാരെ വിളിച്ചു. "വരുവീൻ സന്തോഷിപ്പിൻ, നിങ്ങളുടെ ജ്യേഷ്ഠസഹോദരനെ ചുംബിപ്പിൻ" എന്നു നാം അവരോടു പറഞ്ഞു. അവർ നമ്മുടെ കല്പനപ്രകാരം വന്നു സൗഹാർദ്ദപൂർവം അവനെ ആലിംഗനം ചെയ്തു ചുംബിച്ചു...

ഇതു മുഖാന്തിരം സഭയുടെ സമാധാനത്തിനു വലിയൊരടിസ്ഥാനം നാം ഇട്ടു എന്നായിരുന്നു നമ്മുടെ പ്രതീക്ഷ. ദീവന്നാസ്യോസിന്റെ മുടക്കായിരുന്നു ഈ വഴക്കുകളുടെയും ഭിന്നതകളുടെയും ആരംഭമെന്നു നിങ്ങൾ അറിയുന്നുവല്ലോ. എന്നാൽ ഇതിനെ നാം പറിച്ചുനീക്കി ദീവന്നാസ്യോസും അദ്ദേഹത്തിന്റെ കൂട്ടരും സർവസ്നേഹത്തോടും കൂടി സമാധാനത്തിന് അടുത്തുവരുമെന്നു തന്നെ നാം പ്രതീക്ഷിച്ചു.

**കോട്ടയം പ്രദേശത്ത് നിന്ന് പ്രത്യേകം ബസ്സുകളിൽ കുറുപ്പംപടിയിൽ എത്തിയ മുടക്കപ്പെട്ട വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്ന്യാസിയോസ് മെത്രാപ്പോലീത്തായുടെ പാർശ്വവർത്തികൾ ഈ യോഗം അലങ്കോലപ്പെടുത്തുവാൻ ഒരു വിഫലശ്രമം നടത്തി. അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞ് പരിശുദ്ധ പാത്രിയർക്കീസ് ബാവ പ്രസംഗപീഠം വിട്ടപ്പോൾ റാവു സാഹിബ് ശ്രീ. ഒ.എം. ചെറിയാൻ പരിശുദ്ധ പിതാവിന്റെ മുമ്പിൽ സാഷ്ടാംഗം വീണ് "പരിശുദ്ധ പിതാവെ ഞങ്ങളോടു ക്ഷമിക്കുക. ഞങ്ങൾക്ക് സമാധാനം മതി" എന്ന് അപേക്ഷിക്കുകയുണ്ടായി.**

എന്നാൽ അവരുടെ ദുഷ്കാല വൈഭവം ഹേതുവാൽ ആയിരിക്കണം അവർ നമ്മുടെ അടുക്കൽ വന്നു സമാധാനത്തിനു വഴിപ്പെടാത്തത് ആലുവാ, കരിങ്ങാശ്ര, കോട്ടയം ഈ സ്ഥലങ്ങളിൽവച്ച് പല പ്രാവശ്യം ദീവന്നാസ്യോസ് നമ്മുടെ അടുക്കൽ വരികയും അത്യന്തം സ്നേഹപൂർവം നാം അദ്ദേഹത്തോടു പെരുമാറുകയും ചെയ്തു. നാം അദ്ദേഹത്തിന്റെ വാർദ്ധക്യത്തെ ബഹുമാനിച്ചു. സമാധാനത്തിനു നാം അദ്ദേഹത്തെ ക്ഷണിച്ചു. ഈ ഘട്ടങ്ങളിലെല്ലാം, "എന്റെ സഖാക്കളോ?" എന്ന വാക്കുമാത്രം അദ്ദേഹം ഉച്ചരിച്ചു. സമാധാനത്തിനുവേണ്ടി സഭയുടെ നിയമപ്രകാരം കൈവയ്പോടുകൂടെ കാനോനികമായി അവരെ സ്വീകരിക്കാമെന്നും നാം പറഞ്ഞു. നിയമവിരുദ്ധമായി "കാതോലിക്ക" എന്നു വിളിക്കപ്പെടുന്ന ആളെ കാതോലിക്കാ ആയിട്ടു അംഗീകരിപ്പാൻ ഒരിക്കലും നിവൃത്തിയില്ലെന്നും ബസ്സേലിയോസ് മെത്രാപ്പോലീത്താ എന്ന അഭിധാനത്തിൽ സ്വീകരിക്കാമെന്നു നാം പറഞ്ഞു. ഇതൊന്നും ദീവന്നാസ്യോസ് സ്വീകരിച്ചില്ല. എന്നുമാത്രമല്ല ചിന്താവിഷയമാക്കുകപോലും ചെയ്കയുണ്ടായില്ല. അതുകൊണ്ട് വാത്സല്യ മക്കളെ! നാം നിങ്ങളോടു അറിയിക്കുന്നത് എന്തെന്നാൽ ദൈവം ഒരുവനോടും അവന്റെ ശക്തിക്കപ്പുറമായി ഒന്നും ആവശ്യപ്പെടുന്നില്ല എന്നത്രെ. ദീർഘദർശിയായ ദാവീദു ദൈവത്തോടു അറിയിക്കുന്നത് എന്തെന്നാൽ ദൈവം ഒരുവനോടും അവന്റെ ശക്തിക്കപ്പുറമായി ഒന്നും ആവശ്യപ്പെടുന്നില്ല എന്നത്രെ. ദീർഘദർശിയായ ദാവീദു ദൈവത്തോടു സംസാരിക്കയിൽ പറയുന്നത് "എന്റെ കർത്താവേ! എന്റെ ശക്തിക്കു തക്കവണ്ണം ഞാൻ മഹത്വപ്പെടുത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു." എന്നാണ് നാമും നമ്മുടെ ശക്തിക്കു തക്കവണ്ണം മലങ്കര സഭയുടെ സമാധാനത്തെ കാംക്ഷിക്കുകയും അതിനായി കഴിവുള്ളതു പ്രവർത്തിക്കയും ചെയ്യുന്നു.

കാതോലിക്കാ സ്ഥാപനം സഭയിൽ ആരംഭകാലം മുതലേ ഉള്ള ഒന്നല്ല, റോമാക്കാരും പേർഷ്യക്കാരും തമ്മിൽ യുദ്ധമുണ്ടായപ്പോൾ പേർഷ്യാ രാജ്യത്തു നിന്നും സ്ഥാനമേൽക്കുവാൻ റോമാസാമ്രാജ്യത്തിലുൾപ്പെട്ട അന്ത്യോഖ്യായിലേക്കു അയയ്ക്കപ്പെടുന്ന സകലരും അവർ ചാരന്മാരാണെന്നുള്ള ധാരണയിൽ കൊല്ലപ്പെട്ടുവന്നു. ഇതുനിമിത്തം പാത്രിയർക്കീസ് തന്റെ എപ്പിസ്കോപ്പന്മാരുമായി ആലോചിച്ചു പേർഷ്യായിൽ ഈ സ്ഥാനം അനുവദിച്ചുകൊടുത്തു. എന്നാൽ താല്ക്കാലികമായ ഈ അത്യാവശ്യം അസ്തമിച്ചതോടുകൂടി ആ സ്ഥാപനം എങ്ങനെ ഏർപ്പെടുത്തിയോ അതേ പ്രകാരം തന്നെ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ സുന്നഹദോസുമായി ആലോചിച്ചു നിർത്തലാക്കുകയും ചെയ്തു. ദൈവകൃപയാൽ നാം പാത്രിയർക്കസ്ഥാനം പ്രാപിച്ചപ്പോൾ ദൈവത്തിന്റെയും തന്റെ മാലാഖമാരുടെയും മുമ്പാകെയും വൈദീകന്മാരുടെയും വിശ്വാസികളായ ജനങ്ങളുടെയും മുമ്പാകെയും സഭയുടെ സർവ്വപ്രമാണങ്ങളേയും അഭേദ്യമായി പാലിച്ചുകൊള്ളാമെന്നും അവയിൽ ഒന്നും കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യുകയില്ലെന്നും സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്.

ആ സ്ഥിതിക്ക് കാതോലിക്കായെ നമുക്കു എങ്ങനെ അനുവദിച്ചുതരുവാൻ കഴിയും. എന്നാൽ മാർ ദീവന്നാസ്യോസിനോടു "നിങ്ങൾ കാതോലിക്കയെ നിർബന്ധമായി ആവശ്യപ്പെടുന്നപക്ഷം രേഖാമൂലം ആ അപേക്ഷ നമ്മുടെ അടുക്കൽ സമർപ്പിക്കുക. അതു നാം പതിക്കന്മാരായ മെത്രാപ്പോലീത്താമാർക്ക് അയച്ചുകൊടുക്കുകയും അവർ തീരുമാനിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യാം" എന്ന് ഒരവസരത്തിൽ പറയുകയുണ്ടായിട്ടുണ്ട്. അതും അദ്ദേഹം സ്വീകരിച്ചില്ല. അവിടത്തോടു ഞങ്ങൾ ആവശ്യപ്പെടുന്നു എന്നും ഇത് അവിടുത്തെ സ്വാധീനത്തിൽ ഇരിക്കുന്നതാണെന്നും ആണ് അദ്ദേഹത്തിന്റെ മറുപടി. പാത്രിയർക്കിസനു തനിച്ചു ഒരു എപ്പിസ്കോപ്പായെപോലും വാഴിപ്പാൻ അധികാരമില്ലെന്ന് അദ്ദേഹം കോടതികളിലും മറ്റും മൊഴികൊടുത്തിട്ടുള്ള വിവരം നിങ്ങൾ കേട്ടറിഞ്ഞിട്ടുണ്ടല്ലോ. പിന്നെ നാം തനിച്ചു കാതോലിക്കാ സ്ഥാനം കൊടുക്കണമെന്ന് അദ്ദേഹം പറയുന്നതിന്റെ ന്യായമെന്താണ്? ഇതിൽനിന്നെല്ലാം സഭയുടെ സമാധാനത്തെ ദീവന്നാസ്യോസു ലാക്കാക്കുന്നില്ലെന്നും, നേരെമറിച്ച് തന്റെ സ്വന്തഇഷ്ടം സാധിച്ച് അതുപ്രകാരം സഭയെ സ്വാതന്ത്ര്യമായി നയിക്കണമെന്നാണ് അദ്ദേഹത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശമെന്നും നാം ഗ്രഹിച്ചു. കാതോലിക്കാസ്ഥാപനം സഭയിൽ ഏർപ്പെടുത്തുവാൻ നമുക്കു കഴിവില്ലെന്നു നാം അദ്ദേഹത്തോട് പറയുമ്പോഴെല്ലാം അങ്ങനെയെങ്കിൽ സമാധാനമുണ്ടാകയില്ല എന്നാണ് ഖണ്ഡിതമായി നമ്മോടു മറുപടി പറയാറുള്ളത്. നിങ്ങളുടെ സഖാക്കളെ സഭയുടെ നിയമപ്രകാരം നാം സ്വീകരിച്ചശേഷം നാം ഉടനെ യോഗം വിളിച്ചുകൂട്ടി എല്ലാ ഇടവകകൾക്കും സംഘങ്ങളെ ക്രമീകരിക്കയും ഈ സംഘങ്ങൾ വഴിയായി സഭയുടെ കാര്യങ്ങൾ പൊതുവായി നടത്തപ്പെടുകയും ചെയ്യാമെന്നും, മലങ്കരെയുള്ള ഇടവകകളിൽ ഒന്നിനു മെത്രപ്പോലീത്താ ഇല്ലാതെയാകുമ്പോൾ ആ ഇടവകയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആളിനെ സ്ഥാനമേൽക്കുന്നതിന് അന്ത്യോഖ്യാ സിംഹാസനത്തിൽ അയപ്പാൻ ആ ഇടവകക്ക് കഴിവും മനസ്സും ഇല്ലെങ്കിൽ വിവരം നമ്മെ അറിയിച്ചാൽ ഇവിടെയുള്ള മെത്രാപ്പോലീത്താമാരിൽ കുറഞ്ഞപക്ഷം മൂന്നുപേർകൂടി ആ ആളെ മെത്രാപ്പോലീത്താ ആയി വാഴിക്കുന്നതിന് അനുവദിക്കാമെന്നും കൂടി സഭയുടെ സമാധാനത്തെ പ്രതി ഞാൻ ദീവന്നാസ്യോസിനോടു പറഞ്ഞിട്ടുള്ള വിവരവും നിങ്ങൾ ധരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ അദ്ദേഹമാകട്ടെ "കാതോലിക്കാ" എന്നുള്ള ഏക പല്ലവി മാത്രം സദാ പാടിക്കൊണ്ടിരിക്കുന്നതല്ലാതെ സമാധാനത്തിനായി കുറച്ചെങ്കിലും അടുത്തു വരുവാനുള്ള ലക്ഷണം കാണുന്നില്ല.

മുൻ കാലങ്ങളിൽ ഇവിടെനിന്നും അന്ത്യോഖ്യാ വരെ പോകുന്നതിനും അവിടെനിന്നും പിതാക്കന്മാർ ഇവിടെ വരുന്നതിനും വളരെ പ്രയാസങ്ങൾ സഹിക്കേണ്ടിയിരുന്നു. എന്നാൽ ആ കാലത്തുപോലും കാതോലിക്കാസ്ഥാപനം ആവശ്യപ്പെടുകയോ അതിനായി ഉദ്യമിക്കുകയോ ചെയ്തിട്ടില്ലെന്ന് നിങ്ങൾക്കറിയാമല്ലോ? ഇക്കാലത്തു യാത്രാസൗകര്യം വളരെ വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ ഒരാൾക്ക് ഇവിടെനിന്നും അന്ത്യോക്യാസിംഹാസനത്തിൽ ചെന്നുചേരുവാൻ പത്തുദിവസം മതിയാകും. ഏവംവിധങ്ങളായ സൗകര്യങ്ങളുണ്ടായിട്ടും, സിംഹാസനത്തിൽപോയി സ്ഥാനമേൽക്കുവാൻ ആഗ്രഹിക്കാത്തവർക്ക് ഇവിടെ സ്ഥാനമേൽക്കുന്നതിന് അനുവാദം നല്കാമെന്നും സഭയുടെ ഉൾഭരണ സംബന്ധമായ സർവസ്വാതന്ത്ര്യങ്ങളുമുള്ള ഒരു ഭരണഘടന അനുവദിക്കാമെന്നും വ്യക്തമായി പറഞ്ഞിട്ടുപോലും ഇതൊന്നും ദീവന്നാസ്യോസ് സ്വീകരിക്കാതെയും സമാധാനത്തിനു വഴിപ്പെടാതെയും വർത്തിക്കുന്നതു കാണുമ്പോൾ, അദ്ദേഹത്തിനു സമാധാനത്തിനാഗ്രഹമില്ലെന്നല്ലാതെ നാം എന്താണ് പറയേണ്ടത്. ഇതിൽ നമുക്ക് അപാരമായ മനോവേദനയുണ്ട്. "കയ്പിനെ മധുരമെന്നും മധുരത്തെ കയ്പ് എന്നും, തിന്മയെ നന്മയെന്നും, നന്മയെ തിന്മയെന്നും പറയുന്നവന് ഹാ! കഷ്ടം" എന്നു വിശുദ്ധ വേദത്തിൽ പറഞ്ഞിരിക്കുന്നതു നിങ്ങൾക്ക് അറിയാമല്ലോ.

അബ്ദ് മശിഹായുടെ സ്ഥാനങ്ങൾ വ്യർത്ഥമാണ്. ഒന്നുമില്ലാത്തവന് ഒന്നും കൊടുക്കുവാൻ സാധിക്കയില്ലല്ലോ. അബ്ദ് മശിഹാ മുടക്കപ്പെട്ടശേഷം പത്തു വർഷം നമ്മുടെ ദേശത്തു താമസിച്ചു. ഈ കാലത്ത് അദ്ദേഹം ആർക്കെങ്കിലും പട്ടംകൊടുക്കുകയോ സഭയ്ക്കടുത്ത കാര്യങ്ങളിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലെന്ന് ആ ദേശത്ത് ആരോടു ചോദിച്ചാലും അറിയാം. അദ്ദേഹം ചിത്തഭ്രമമുള്ളവനും ഇടവും വലവും തിരിച്ചറിയാൻ പാടില്ലാത്തവനും ആണെന്ന് എല്ലാവരും സമ്മതിക്കും. അദ്ദേഹം മുടക്കപ്പെട്ടവനല്ലെന്ന് എങ്ങനെ പറവാൻ സാധിക്കും? മലങ്കരയ്ക്ക് രണ്ടു മേല്പട്ടക്കാരെ വാഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ (അവരിൽ ഒരാൾ ഈ ദീവന്നാസ്യോസ് ഗീവറുഗീസ് ആയിരുന്നു) അബ്ദ് മശിഹാമിദിയാത്തിലും അബ്ദള്ള പാത്രിയർക്കീസ് ഉർശലേമിലും ആയിരുന്നു. നിങ്ങൾ അവരെ ആരുടെ അടുക്കൽ സ്ഥാനത്തിനയച്ചു? അബ്ദ് മശിഹാ പാത്രിയർക്കീസായിരുന്നെങ്കിൽ എന്തുകൊണ്ട് നിങ്ങൾ അവരെ അബ്ദള്ള പാത്രിയർക്കീസിന്റെ അടുക്കൽ അയച്ചു? ഇതെപ്പറ്റി നാം ദീവന്നാസ്യോസിനോടു ചോദിച്ചു. അബ്ദ് മശിഹിന്റെ സ്ഥാനം സാധുവെങ്കിൽ നിങ്ങളുടെ സ്ഥാനം അസാധുവാണ്. അല്ലെങ്കിൽ അബ്ദ് മശിഹിന്റെതു അസാധുവും നിങ്ങളുടെതു സാധുവുമാണ്. ഇതിനു ദീവന്നാസ്യോസ് യാതൊരു മറുപടിയും പറഞ്ഞില്ല. അബ്ദ്മിശിഹിനു യാതൊരു പട്ടത്വവുമില്ല.

പ്രിയ മക്കളെ! നമ്മുടെ ശബ്ദം നിങ്ങളെ കേൾപ്പിക്കുവാൻ നാം നിങ്ങളെ വിളിച്ചുകൂട്ടിയിരിക്കുന്നു. നമ്മുടെ കണ്ണിന്റെ പ്രകാശം സാക്ഷിയായി നാം നിങ്ങളോടു പറയുന്നതെന്തന്നാൽ നാം സമാധാനത്തെ സ്നേഹിക്കുന്നു. നാം സമ്മതിക്കുന്നിടത്തോളം സംഗതികൾ സ്വീകരിക്കുവാൻ നിങ്ങൾ ദീവന്നാസ്യോസിനോടു പറയണം - അദ്ദേഹം കാതോലിക്കയ്ക്കുള്ള അപേക്ഷയിൽ നിന്നു പിൻമാറട്ടെ. ഇതാ സമാധാനം സന്നിഹിതമായിരിക്കുന്നു. കാതോലിക്കാ സ്ഥാപനം വേണമെന്ന് ഇനിയും ശഠിക്കുന്നപക്ഷം സമാധാന കാര്യത്തിൽ നമുക്കു നിരാശയാണ്. കാതോലിക്കയെ അദ്ദേഹം ആവശ്യപ്പെടുന്നില്ലെങ്കിൽ സഭയിൽ സമാധാനമുണ്ട്.

വീണ്ടും പ്രിയരെ, നാം പാണമ്പടി പള്ളിയിലായിരുന്നപ്പോൾ ദീവന്നാസ്യോസ് ഗീവറുഗീസ് നമ്മുടെ അടുക്കൽ വന്നു ട്രസ്റ്റികളിൽ ഒരാൾ മരിച്ചുപോയെന്നും ഇനിയും ട്രസ്റ്റിയെ തെരഞ്ഞെടുക്കാൻ യോഗം കൂടേണ്ടിയിരിക്കുന്നു എന്നും അപ്പോൾ വല്ല വഴക്കുകളും ഉണ്ടയേക്കുമെന്നു ഭയപ്പെടുന്നുവെന്നും നമ്മെ അറിയിച്ചു. അപ്പോൾ നാം അദ്ദേഹത്തോടും പറഞ്ഞത് "നിങ്ങൾ ഇപ്പോൾ ക്ഷമിക്കുക യോഗം ഉടനെ കൂടരുത്. യോഗം കൂടിയാൽ സമാധാനത്തിനു തടസ്സമായേക്കും" എന്നത്രെ. നമ്മുടെ വചനത്തെ അദ്ദേഹം സമ്മതിക്കയാണു ചെയ്തത്. എന്നാൽ ഇപ്പോൾ യോഗം കൂടുന്നതിന് അദ്ദേഹം കല്പനകൾ അയച്ചിരിക്കുന്നതായി നാം അറിയുന്നു. കൂടാതെയും ഒരു കേസ്സിൽ മൊഴികൊടുക്കേണ്ട ആവശ്യം വന്നപ്പോൾ അദ്ദേഹം നമ്മെയും നമ്മുടെ അധികാരത്തെയും നിഷേധിച്ചും മലങ്കര സഭമേൽ കാതോലിക്കായിക്കല്ലാതെ മറ്റാർക്കും അധികാരമില്ലെന്നു സ്ഥാപിച്ചും മറ്റും കോടതിയിലെ പ്രതിനിധിയുടെ അടുക്കൽ രേഖപ്പെടുത്തി കൊടുത്തതായി നാം പത്രങ്ങളിൽ കണ്ടു. ഈ സംഗതികളെപ്പറ്റി ചോദിപ്പാനായി നാം അദ്ദേഹത്തെ ആളയച്ചു വരുത്തി. അദ്ദേഹം നമ്മോടു ശരിയായി മറുപടി ഒന്നും പറയാതെ പത്രങ്ങളിൽ കാണുന്നത് വിശ്വസിക്കരുതെന്നും വിരോധികൾ പറയുന്നതിനെ വകവയ്ക്കരുതെന്നും സഭാകാര്യങ്ങളെപ്പറ്റി മറുപടി പറവാൻ ഒരുക്കമല്ലെന്നുമാണ് പറഞ്ഞത്. പ്രിയരെ നിങ്ങൾ സമാധാനത്തെ കാംക്ഷിക്കുന്നുവെങ്കിൽ നമ്മുടെ വചനത്തെ ശ്രവിക്കുവിൻ. മലങ്കരസഭയുടെ സമാധാനത്തിനും ശ്രേയസ്സിനും വേണ്ടി ശക്ത്യാനുസരണം വേണ്ടതു പ്രവർത്തിപ്പിൻ. നിങ്ങളുടെ അദ്ധ്വാനങ്ങൾക്ക് ദൈവം പ്രതിഫലം തരും. നമ്മുടെ സഭയിൽനിന്ന് അകന്നുപോയിരിക്കുന്നവർ തിരികെ വരുന്നതിനായി നാം പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

വീണ്ടും പ്രിയമക്കളെ! സഭയിൽ സമാധാനത്തെ ആഗ്രഹിക്കുന്നവർ ദിവന്നാസ്യോസ് വിളിച്ചുകൂട്ടുന്ന യോഗത്തിൽ സംബന്ധിക്കരുതെന്നു നാം ഇതിനാൽ വിരോധിച്ചിരിക്കുന്നു. ദൈവം തന്റെ തൃക്കൈ നീട്ടി നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

# "അന്തിക്രിസ്തു" - അഥവാ - ദൈവനിഷേധം

**("പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവൻ" 1 യോ: 2:22)**

തുടർച്ച...

**റ്റി.സി. ജോർജ്ജ് തെങ്ങുവിള, നല്ലില**

3. "പുത്രനെ നിഷേധിക്കുന്നവന് പിതാവില്ല" (1 യോ: 4,5).

ഇതേ രീതിയിൽ എത്ര വചനങ്ങൾ വേണമെങ്കിലും "പുത്രനെ" സംബന്ധിച്ചു എടുത്ത് കാട്ടുവാൻ സാധിക്കും.

ഇനി യഹോ സാക്ഷികൾ വിശ്വസിക്കാത്ത പുത്രൻ ദൈവമാണെന്ന് ബൈബിൾ പറയുന്നു.

1. "ദൈവം വചനമായിരുന്നു" (യോ. 1:1).
2. "വചനം ജഡമായിതീർന്നു" (യോ. 1:14).
3. "ഞാനും പിതാവും ഒന്നാകുന്നു" (യോ. 10:3).
4. "ഞാൻ പിതാവിനിലും പിതാവ് എന്നിലും വസിക്കുന്നു" (യോ: 14:10).
5. "പുത്രനെ ബഹുമാനിക്കാത്തവൻ പിതാവിനെ ബഹുമാനിക്കുന്നില്ല" (യോഹ. 5:23).

പിതാവിലും പുത്രനിലും വിശ്വസിക്കാത്ത ഒരുവനോടു "ത്രിത്വത്തെ" കുറിച്ച് ചോദിക്കേണ്ട കാര്യമില്ലല്ലോ. എന്നാലും പറയാതിരിക്കാൻ നിർവാഹമില്ല. ശ്രദ്ധിച്ചാലും: ദൈവം ഏകനാണ് (Master of the universe) ഈ നിത്യസത്യം ഈ ലോകത്തിൽ ജാതി മത ഭേദമെന്യേ, സഭാവ്യത്യാസമെന്യേ, രണ്ടഭിപ്രായത്തിന് സാദ്ധ്യതയില്ല. ദൈവം ഏകൻ (ഒന്ന്) എന്നത് ഒരു കൂട്ടായ ഐക്യത്തെയാണ് സൂചിപ്പിക്കുന്നത് (compound unity) മനുഷ്യൻ മൂന്ന് ഘടകങ്ങളുടെ ഒരു ഐക്യമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. അതായത് 1. ആത്മാവ് (Spirit), 2. ജീവൻ (Soul), 3. ശരീരം (Body). മനുഷ്യൻ നേടിയിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിൽ സകലതിന്റേയും കേന്ദ്രസ്ഥാനത്ത് വളരെ ശക്തിയുള്ള "പരാമാണു (Afom) സ്ഥിതി ചെയ്യുന്ന എന്നാണ് കാണുന്നത്. വിഭജിക്കാവുന്നതിൽ ഏറ്റവും ചെറുതും, അതിൽ മൂന്ന് ഘടകങ്ങളുടെ കൂട്ടായ്മയും, ഏകത്വവുമുണ്ടെന്ന് കാണുന്നു. ദൈവസൃഷ്ടിയാൽ കാണുന്ന ഏറ്റവും ചെറിയ അംശത്തിൽപ്പോലും (Protones, Electrons, Neutron) എന്നിവ അടങ്ങിയിരിക്കുകയും, അങ്ങനെ Atom എടുത്താൽ അതിൽ മൂന്ന് ഘടകങ്ങളുടെ ഏകത്വം അതായത് "ത്ര-ഏകത്വം" അഥവാ "ത്രിത്വം" Tronity കാണുന്നു എന്നത് ആശ്ചര്യംതന്നെ അല്ലെ. നാം കാണുന്ന പ്രകൃതിയിൽ നോക്കിയാൽപ്പോലും മൂന്ന് ഘടകങ്ങളുടെ ഏകത്വമാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. അതായത് പ്രപഞ്ചം, കാലം, വസ്തു (Space, Time, Matter).

ത്രിത്വത്തിൽ വിശ്വാസമില്ലാത്ത ഒരു ക്രിസ്ത്യാനിയും അഥവാ നാമധേയ ക്രിസ്ത്യാനികൾപോലും (യഹോവ സാക്ഷികൾ ഒഴിച്ച്) വിശ്വസിക്കുന്നു എന്നു ഇത് പകൽപോലെ സത്യമാണ്. വി. സത്യവേദ പുസ്തകത്തിൽകൂടി ഒന്നു പരിശോധിച്ചാൽ "ദൈവം ഏകനാണ്, അത് കൂട്ടായ ഒരു ഐക്യത്തെയാണ് സൂചിപ്പിക്കുന്നത് (compound unity). ത്രി-ഏകത്വം എന്നാൽ എന്ത്? മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കുന്നു എന്നാണോ? ഇതുകൊണ്ട് ഉദേശിക്കുന്നത്? ഒരിക്കലും അല്ല, കാരണം ദൈവം ഏകനാണെന്നു വി. ബൈബിൾ തറപ്പിച്ചുപറയുന്നു; പഠിപ്പിക്കുന്നു. "യഹോവ ഏകൻ തന്നെ. യഹോവയുടെ ദൈവമാകുന്നു" (ആവർത്ത. 6:4).

യഹോവാ എന്നത് ദൈവമെന്നുള്ളതിന്റെ എബ്രായ പദമാണ് ഓർക്കുക. ഈ 'യഹോവ' എന്ന പദമാണ് ദൈവത്തെ ഉദ്ദേശിച്ച് പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത്. സത്യത്തിൽ "യഹോ സാക്ഷികർ" എന്ന കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പ്രിയ സഹോദരങ്ങൾ ദൈവത്തിന്റെ വചനങ്ങൾ ഉത്ഘോഷിക്കുവാനും, പ്രചരിപ്പിക്കുവാനുമാണ് "ഊരുചുറ്റിയുള്ള" വരവെങ്കിൽ ആ യഹോവയെകുറിച്ചുള്ള നിങ്ങളുടെ സാക്ഷ്യമെന്ത്? സാക്ഷാൽ യഹോവാ സാക്ഷികൾ (ദൈവസാക്ഷികൾ) ആയിട്ടാണ് പ്രവർത്തിക്കുന്നു എങ്കിൽ ആ യഹോവയെക്കുറിച്ച് തീർച്ചയായും ഒരു ധാരണയും സാക്ഷ്യവും വേണ്ടത് ആവശ്യമല്ലേ? കാലിത്തൊഴുത്തിൽ ജനിച്ച് കാൽ കാശിനുവകല്ലാതെ, കാൽനടയായി പലസ്തീന്റെ ഭ്രാന്തപ്രദേശങ്ങളിൽ നടന്ന് അദ്ധ്വാനിക്കുന്നവരുടേയും, ഭാരം ചുമക്കുന്നവരുടേയും കണ്ണുനീരിന് ശാശ്വത പരിഹാരം കണ്ടെത്തി, കാലാന്തരത്തിൽ കാലാതീതനായി കാൽവറിയിൽ '2' ആണികളാൽ തൂങ്ങികിടന്ന് രക്തം ഒഴുക്കുന്ന ആ മനുഷ്യനെ ഒന്നുനോക്കൂ! ആ മനുഷ്യനെക്കുറിച്ച് നിങ്ങളുടെ സാക്ഷ്യം എന്ത്? നിങ്ങളുടെ ചിന്ത ഓ... "അവൻ തച്ചന്റെ മകനല്ലേ" എന്നുള്ള യഹൂദ പ്രമാണികളുടേയും, പരീശന്മാരുടേയും, സാദൂക്യരുടേയും ചിന്തക്ക് അതീതമായി രക്തം ഒഴിക്കി കുരിശിൽ കിടക്കുന്ന ആ മനുഷ്യനെ "പത്രോസ്സ് ശ്ലീഹഹൃദയം അറിഞ്ഞ്" *അവൻ ജീവനുള്ള ദൈവത്തിന്റെ പുത്രൻ ക്രിസ്തു"* എന്ന് പറഞ്ഞു (മത്തായി 16:15,16).

"ത്രിത്വത്തിൽ" ഏകത്വം എന്ന അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു സത്യംമാത്രമാണ്. കണക്കുശാസ്ത്രത്തിൽകൂടി ഒരു ഉദാഹരണം നോക്കാം.

1 + 1 + 1 = 3 ആയിരിക്കുന്നതുപോലെ പിതാവ് + പുത്രൻ + പരിശുദ്ധാത്മാവ് അങ്ങനെ മൂന്ന് ദൈവങ്ങൾ ആയിരിക്കില്ലേ? ഈ ന്യായമായ ചോദ്യത്തിന്റെ മുന്നിൽ പകച്ചുനില്ക്കേണ്ട കാര്യമില്ല. കാരണം

ദൈവത്തെപ്പറ്റിയുള്ള ഉപദേശം ദൈവത്തിന്റെ എണ്ണത്തെ കാണിക്കുവാനല്ല, മറിച്ച് ദൈവത്തിന്റെ മഹത്വം, വിശാലത എന്നിവ വെളിപ്പെടുത്തുവാനാണ്. (Greatness, Dimesions a magnic tude) വേറൊരു വിധം പ്രസ്തുത കണക്ക് പരിശോധിച്ചാൽ 1 X 1 X1 = പിതാവ് X പുത്രൻ X പരിശുദ്ധാത്മാവ് = 1 = ഏകദൈവം.

വേറൊരു ഉദാഹരണം നോക്കാം:-

2. ഒരു ചതുരക്കട്ട:- അതിന്റെ നീളംമാത്രം എടുത്ത് ചിന്തിച്ചാൽ നമ്മുടെ ചിന്തക്ക് ഒരു പൂർണരൂപം കിട്ടുന്നില്ല. കാരണം പൂർണ്ണമല്ല, അർത്ഥവുമില്ല. നീളം X വീതി എന്നിട്ടും പൂർണമല്ല. നീളം X വീതി X പൊക്കം = അല്ലേ ഇതിന് ഒരു പൂർണ്ണ ഐത്യമുണ്ട്. ഒരു രൂപം കാണാൻ ഭംഗിയുണ്ട്, ആ രൂപത്തിന് ഒരു അർത്ഥവും വന്നുകഴിഞ്ഞു.

3. വേറൊരു ഉദാഹരണം നോക്കുക:-

A = നീരാവി

B = മഞ്ഞുകട്ട

C = വെള്ളം

ത്രികോണത്തിന് അത് H2O എന്നു രേഖപ്പെടുത്തിരിക്കുന്നു. വെള്ളത്തിനും ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച ഒരു ഫോർമുലയാണത്. വെള്ളത്തിന്റെ ഒരു തുള്ളിയിൽ (കണിയിൽ) (Molecule) മൂന്ന് പരമാണുതും ഉണ്ട് (Atom).

ഇതിൽ Hydrogen 2പരമാണുവം, Oxygen (പ്രാണവായു) "1" പരാമണവും അടങ്ങിയിരിക്കുന്നു. ഇതിൽ വെള്ളത്തിന് H2O എന്ന ഫോർമുല രൂപം കൊണ്ടത്. വെള്ളത്തിന് മൂന്ന് അവസ്ഥകൾ കാണുന്നു. 1. മഞ്ഞുകട്ട, ഒരു ഖരവസ്തു, 2. വെള്ളം ഒരു ദ്രാവകം, 3. നീരാവി ഒരു "ആവി" (ബാഷ്പം) ചിത്രത്തിന്റെ മധ്യേ ഭാഗത്ത് വെള്ളത്തിന്റെ ഫോർമുല കൊടുത്തിരിക്കുന്നു.

താഴെ പറയുന്ന നിഗമനങ്ങൾ ശ്രദ്ധിക്കുക:-

1. മഞ്ഞുകട്ട നിരാവി അല്ല (ശരി അല്ലേ?)

2. നീരാവി വെള്ളമല്ല "

3. വെള്ളം മഞ്ഞുകട്ടി അല്ല "

എന്നാൽ നാം സൂക്ഷ്മമായി ചിന്തിച്ചാൽ

1. നീരാവി H2O (വെള്ളത്തിൽ) അടങ്ങിയിരിക്കുന്നു.

2. മഞ്ഞുകട്ട " " "

3. വെള്ളം H2O ആണ്. ഇവിടെ നാം മൂന്ന് തരത്തിലുള്ള ഏകത്വമാണ് കാണുന്നത്.

ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് പറയുമ്പോൾ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികൾ ഉണ്ടെന്ന് വളരെ വ്യക്തമായി പറയുന്നു. അതേ സമയം മൂന്ന് വ്യക്തികളും ഒന്നാകുന്നു എന്നും, ഐക്യപ്പെട്ട് "ഏകത്വം" (onenss) ആയിരിക്കുന്നു എന്നും വെളിപ്പെട്ടിരിക്കുന്നു.

ഈ ഐക്യം (ഏകത്വം) സ്വഭാവത്തിന്റേയും, സ്നേഹത്തിന്റെയും ലക്ഷ്യത്തിന്റേയും ഐക്യമാണ്. ലേഖനത്തിന്റെ ദൈർഘ്യത്തെ ഭയന്ന് വേദഭാഗങ്ങളിലുള്ള വിശദീകരണത്തിന് ഉദ്യമിക്കുന്നില്ല. എന്നാലും താഴെ പറയുന്ന വേദഭാഗങ്ങൾ വായിച്ചാലും:-

മത്തായി 3: 16-17

മത്തായി 28:19

യോഹ. 14:6-11

മത്തായി 10:30

മത്തായി 14:16-17

മത്തായി 15:25. പ്രസ്തുത വേദഭാഗങ്ങൾ സസൂഷ്മം വായിച്ച് ചിന്തിച്ചാൽ ത്രാത്വം ഉണ്ടെന്നും അതിൽ മൂന്ന് വ്യക്തികൾ ഉണ്ടെന്നും ഈ മൂന്ന് വ്യക്തികൾ ഒന്നാണെന്നും, വ്യക്തമായി വെളിപ്പെട്ടിരിക്കുന്നതായി കാണാം.

ദൈവവചനങ്ങൾ അടങ്ങിയ വി. വേദപുസ്തകം കൊണ്ടുനടന്ന് സുവിശേഷഘോഷണം നടത്തുന്ന എന്ന വ്യാജേന വീടുകളിൽ കയറിഇറങ്ങി ദൈവനിഷേധകാത്മകമായ ഉപദേശങ്ങൾ കൊടുത്ത് ദൈവവിശ്വാസത്തിൽ നിന്നും മനുഷ്യരെ അകറ്റി വിശ്വാസവിപരീതത്തിൽ കൊണ്ടെത്തിക്കുന്ന പ്രസ്തുത വ്യക്തികളെ തീർച്ചയായും അവർ വീടുകളിൽ വരുമ്പോൾ അവരുടെ ഉപദേശങ്ങൾ കേൾക്കാൻ സമയം വിനിയോഗിക്കരുത്. സത്യം അപ്രകാരം ഒരുപദേശം കൊണ്ടുവരുന്ന വ്യക്തികളെ വീട്ടിൽ കൊള്ളരുത്, കയറ്ററുത് കൂടാതെ അവരോട് കുശലം പറയുകയും ചെയ്യരുത് (2 യോഹ. 10). ആയതിനാൽ "പ്രിയമുള്ള വിശ്വാസികളെ കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുകയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽനിന്ന് ഉള്ളവയോ എന്നു ശോധന ചെയ്യുവീൻ" (1 യോഹ. 4:1,2).

ഈ 21-ാം നൂറ്റാണ്ടിൽ മനുഷ്യൻ ശാസ്ത്രപരമായി പുരോഗതിയുടെ അത്യുച്ചകോടിയിൽ (Zenith Point) എത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യമനസ്സുകളിൽ മാനുഷിക മൂല്യങ്ങൾ അവഗണനയുടെ തീച്ചൂളയിൽ വെന്തെരിഞ്ഞ് മനുഷ്യമനസ്സുകൾ ആന്തരീകമായി-ആത്മീയമായി "വറട്ടുചൊറിയും സുനാമിയും" ബാധിച്ച് പാപ്പത്ത്വത്തിൽ എത്തിയിരിക്കുകയാണ്. സുവിശേഷ ഘോഷണങ്ങളും സുവിശേഷ പ്രവർത്തനങ്ങളും വളരെ അധികം പ്രത്യക്ഷമായി നടക്കുമ്പോഴും, സത്യത്തിൽ പ്രവർത്തനങ്ങളിൽ ദൈവനിഷേധവും, ധർമ്മിക നിലവാരത്തിന്റെ, അധഃപതനവുമാണ് നാം കാണുന്നത്. ആത്മഹത്യാപരമായ ദൈവനിഷേധവും ധർമ്മിക നിലവാരത്തിന്റെ അധഃപതനവുമാണ് നാം കാണുന്നത്. ആ മഹത്യാപരമായ ദൈവനിഷേധവും, മതസ്ഥാപനങ്ങളും വിശ്വാസസ്ഥാപനങ്ങളും ഉജ്ജല നാശംവരുത്തി ജപഘോഷം കൊള്ളുന്ന ദയനീയ കാഴ്ച ഇന്നും നാം കണ്ടുംകൊണ്ടിരിക്കുന്നു.

തുടരും...

# പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച

(മത്തായി: 13:2435; മത്തായി: 13:36-42; ലൂ. 14:7-11)

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻ ഗേലിയോനിൽ വിത്തുവിതച്ചതിനെക്കുറിച്ചും, കൃഷിക്കാരൻ അറിയാതെ വിത്തുകളുടെ ഇടയിൽ കളകൾ മുളപ്പതിനെക്കുറിച്ചും കർത്താവ് പറയുന്നു. പ്രഭാതത്തിന്റെ ഏവൻഗേലിയോനിൽ അതിനെ കർത്താവ് വ്യാഖ്യാനിച്ചുകൊടുക്കുന്നത് കാണുന്നു. വി. കുർബ്ബാനയിൽ വായിച്ച ഏവൻ ഗേലിയോൻ മുഖ്യാസനം ആഗ്രഹിക്കുന്നതിനേക്കുറിച്ചാണ്.

വിത്തുവിതച്ചവൻ കിടന്നുറങ്ങിയപ്പോൾ ശത്രുവന്ന് കളകൾ അതിന്റെ ഇടയിൽ വിതച്ചു. കളകൾ മുളച്ചു വന്നപ്പോൾ കൃഷിപണിക്കാർ ഉടമസ്ഥനോട് "നമ്മൾ വിതച്ചത് വിത്തുകളെല്ലേം, പിന്നെ കളകളെങ്ങിനെയുണ്ടായി" എന്നു ചോദിച്ചു." അതു ശത്രു ചെയ്തതാണ് എന്ന് അയാൾ പറഞ്ഞു. "ഞങ്ങൾ കളകൾ പറിച്ചുകളയട്ടെ എന്നു പണിക്കാർ ചോദിച്ചപ്പോൾ കൃഷിക്കാരൻ പറഞ്ഞു. വരട്ടെ. ഇപ്പോൾ നിങ്ങൾ കളകൾ പറിച്ചാൽ പകുമ്പോൾ ആദ്യമെ കളകൾ പിഴുതു കെട്ടുകളായി കെട്ടി ചുട്ടുകളയാം. പിന്നെ വിത്തുകളുടെ വിളകൊയ്തെടുത്തു അറകളിൽ ശേഖരിക്കാം.

ഇത് ദൈവരാജ്യത്തേക്കുറിച്ചുള്ള ഒരുപമയായിരുന്നു വിതച്ചത് ദൈവപുത്രനാണ് വിത്തുകൾ രാജ്യത്തിന്റെ സന്താനങ്ങൾ. ശത്രു സാത്താനാണ് കളകൾ അവന്റെ സന്തതികൾ. അവസാനത്തെ കൊയ്ത് ന്യായവിധി ദിവസമാണ്. അന്ന് മാലാഖമാർ വന്നു ദുഷ്ടന്മാരെ നല്ലവരിൽനിന്ന് വേർതിരിക്കും. ദുഷ്ടന്മാരെ അഗ്നി നരകത്തിൽ ഇട്ടുകളയും. രാജ്യത്തിന്റെ സന്തതികളെ സ്വർഗ്ഗമാകുന്ന അവകളിൽ കൊണ്ടുപോയി സംരക്ഷിക്കും. കൊയ്തുകാർ മാലാഖമാരാണ്.

കർത്താവ് നമുക്കു നല്കിയിട്ടുള്ള നല്ല ഉപദേശങ്ങളാകുന്ന വിത്തുകൾ നമ്മുടെയിടയിൽ വിതച്ചിരിക്കുന്നു. എന്നാൽ ദുരുപദേശങ്ങളും, ദുഃശ്ശീലങ്ങളും വേദവിപരീതങ്ങളും ശത്രു വിശ്വാസികളുടെയിടയിൽ വിതക്കുന്നു. പലതരം ഇസങ്ങൾ അങ്ങനെയുണ്ടാകുന്നു. ഇത് സംബന്ധിച്ചാണ് പലതരമുപദേശങ്ങളഹോ പാരിൽ മുളച്ചു പരക്കുന്നു എന്ന് വി പൗലോസ് ശ്ളീഹാ പറഞ്ഞത്.

ഇങ്ങനെ, വ്യഭിചാരം, വെറികൂത്ത്, സിനിമാ, രാത്രി ക്ലബ്ബിലെ കുടിയും പാർട്ടിയും ഡാൻസും തുടങ്ങിയവ മനുഷ്യരുടെയിടയിൽ പ്രചാരമുള്ള കളികൾ തന്നെയാണ്. സാത്താൻ കൃഷിക്കാരൻ ഉറങ്ങിയപ്പോൾ വിതച്ചതത്രെ. നാം അവകൾ വളർന്നു തഴക്കുന്നതുകണ്ട് ഭ്രമിക്കരുത്. ദൈവം ദീർഘക്ഷമയുള്ള കൃഷിയുടമസ്ഥനാകയാൽ അവ ആരംഭത്തിൽ പറിച്ചു കളയുന്നില്ല എന്നേയുള്ളു. അവസാനം വരുമ്പോൾ അവയെല്ലാം പിഴിതുകളയപ്പെടും. നല്ല കോതമ്പാകുന്ന സത്യവിശ്വാസികളെ ദൈവഭൂതന്മാർ ശേഖരിച്ച് കൊള്ളും. ദീർഘമായി സഹിച്ചു കാത്തിരിക്കണം.

ദൈവരാജ്യത്തേക്കുറിച്ച് കർത്താവ് വേറെ ഉപമകളും പറഞ്ഞിട്ടുണ്ട്. ഇന്നത്തെ ഏവൻഗേലിയോനിൽ തന്നെ ചിലതുണ്ട്. ഒരുവൻ ഒരു ചെറിയ വിത്ത് വയലിൽ വിതച്ചു, അത് മുളച്ചു വളർന്നു വലിയ വൃക്ഷമായിതീർന്നു. ആലിന്റെ വിത്തുവളരെ ചെറുതാണ് കടുകുമണിയോളമേയുള്ളു. അത് മുളച്ച് വളർന്നാൽ വൻവൃക്ഷമാകും. അതിന്റെ കൊമ്പുകളിൽ ആകാശത്തിലെ പക്ഷികൾ കൂടുവച്ചു, ദൈവരാജ്യം അതുപോലെയാണ്. കർത്താവും ശിഷ്യന്മാർ പന്ത്രണ്ടുപേരും കൂടി തുടങ്ങിയതാണ് ക്രിസ്തീയ സഭ. അതു എത്രയോ ചെറുതായിരുന്നു. ഇന്ന് ലോകമൊക്കയും അതു വളർന്നു. അത് അനേക സ്ഥാപനങ്ങൾ നടത്തുന്നു. അത് എത്രയോ പേർക്ക് അഭയം നല്കുന്നു. പള്ളികൾ, ദയറാകൾ, അനാഥമന്ദിരങ്ങൾ, സുവിശേഷാലയങ്ങൾ, പള്ളിക്കൂടങ്ങൾ, അതിഥിമന്ദിരങ്ങൾ, ധ്യാന മന്ദിരങ്ങൾ വായനശാലകൾ സണ്ടേസ്കൂളുകൾ, വൃദ്ധമന്ദിരങ്ങൾ, വനിതാ ശിശുസംരക്ഷണ കേന്ദ്രങ്ങൾ, അന്ധവിദ്യാലയങ്ങൾ, ഊമ വിദ്യാലയങ്ങൾ, കോളേജുകൾ, പ്രസ്സുകൾ, ആശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ എന്നിവ നടത്തുന്നു. ഒരുവൻ വൃക്ഷമായി ശാഖകൾവീശി, അനേകം പക്ഷികൾ കൂടുവെച്ചു വസിക്കുമാറായല്ലോ.

വീണ്ടും സ്വർഗ്ഗരാജ്യത്തെ, ഒരു സ്ത്രീ മൂന്നു പറ മാവിൽ അതു മുഴുവൻ പുളിക്കാൻ വേണ്ടി ഒളിച്ചു വച്ച പുളിമാവിനോട് കർത്താവ് ഉപമിച്ചിരിക്കുന്നു. ആ പുളിമാവ് ആ മൂന്നു പറ മാവിനെ മുഴുവൻ പുളിപ്പിച്ചു.

കർത്താവിൽ നിന്ന് ആത്മീക നൽവരവും പരിശുദ്ധാത്മാവും പ്രാപിച്ചവർ പുളിമാവുപോലെയാണ്. അവർ ജീവനും ചൈതന്യവുമുള്ളവരാണെന്ന് മാത്രമല്ല, അവർ അന്യരേയും ആത്മീക ജീവനും ചൈതന്യവുമുള്ളവരാക്കിത്തീർക്കയും ചെയ്യുന്നു. പെന്തിക്കൊസ്തുദിവസം പത്രോസ് ശ്ളീഹായുടെ പ്രസംഗം കേട്ട് മൂവായിരത്തോളം പേർ ക്രിസ്തുനാമത്തിൽ മാമോദീസാ മുങ്ങി സഭയിൽ ചേർന്നു. ഇതാണ് പുളിമാവിന്റെ പ്രവർത്തി.

ദൈവരാജ്യത്തേക്കുറിച്ചു വേറെയും ഉപമകൾ കർത്താവ് പറഞ്ഞിട്ടുണ്ട്. അത് ഒരു മീൻപിടിക്കുന്ന വലയോടു ഉപമിച്ചിരിക്കുന്നു. അതു പലതരം മത്സ്യങ്ങളേയും ജീവികളേയും സാധനങ്ങളേയും വലിച്ചെടുക്കുന്നു. വല വീശുന്നവൻ കരയിലിരുന്ന് അതിൽ നിന്ന് നല്ല മത്സ്യങ്ങളെ പെറുക്കി കുട്ടയിലാക്കുകയും വേണ്ടാത്തവയെ കടലിലേക്ക് എറിഞ്ഞുകളയുകയും ചെയ്യുന്നു.

ഒരുവൻ ഒരു നിലത്ത് ഒരു നിധി കണ്ടെത്തിയതിനോട് ദൈവരാജ്യം ഉപമിക്കപ്പെട്ടിരിക്കുന്നു. അവൻ അവനുള്ളതെല്ലാം വിറ്റ് ആ നിലം വാങ്ങി. അതുപോലെ സ്വർഗ്ഗരാജ്യമെന്ന നിധി ലഭിപ്പാൻ വേണ്ടി

തനിക്കുള്ള സകലതും വെടിയുന്നവനേപ്പോലെയാവാൻ നമ്മൾ തയ്യാറാകണം എന്നതാണ്. അത് ഒരു നിധിയായി നമ്മൾ കണക്കാക്കണം.

പത്തു കന്യകമാരുടെ ഉപമയും ദൈവരാജ്യത്തെക്കുറിച്ചുതന്നെയാണ്. ആത്മീക പ്രവർത്തികൾകൊണ്ടു തങ്ങളുടെ ദീപയഷ്ടികൾ എണ്ണയൊഴിച്ചു നമ്മൾ തയാറാകണം. അലസരായി ഒരുക്കമില്ലാതെയിരിക്കുന്നവർ എണ്ണ കരുതാത്ത കന്യകമാരേപ്പോലെയാണ്. അവർക്ക്, കർത്താവിന്റെ രണ്ടാമത്തെവരവാകുന്ന മണവാളന്റെ എതിരേൽപ്പിങ്കൽ ലജ്ജിച്ചു പുറത്തെ അന്ധകാരത്തിൽ നിൽക്കാനല്ലാതെ അകത്തുകയറുവാൻ സാധിക്കയില്ല.

ഒരു കല്യാണ സദ്യയൊരുക്കിയതിനോട് സ്വർഗ്ഗരാജ്യത്തെ ഉപമിച്ചിരിക്കുന്നു. ആദ്യം ക്ഷണിച്ചവരാരും വന്നില്ല. അവർക്ക് ഓരോരുത്തർക്കും ഓരോ ഒഴിവുകഴിവുകൾ പറയാനുണ്ടായിരുന്നു. അവസാനം വിരുന്നൊരുക്കിയവൻ ചെന്ന് വഴിയരുകിൽ നിന്നവരായ ചട്ടനേയും, പൊട്ടനേയും, ദരിദ്രനേയും വിളിച്ചു പന്തിയിലിരുത്തി ഊട്ടി. അതുപോലെതന്നെ സ്വർഗ്ഗ രാജ്യത്തിനും അതിന്റെ വേലയ്ക്കും ക്ഷണിക്കപ്പെടുന്ന പലരും ഒഴിവുകഴിവുകൾ കണ്ടുപിടിച്ച് ഒഴിഞ്ഞുമാറുമ്പോൾ അനർഹരെന്ന് മറ്റുള്ളവർ വിചാരിക്കുന്ന സാധുക്കളെ ദൈവം വിളിച്ച് അകത്ത് പ്രവേശിപ്പിക്കും. അതുകൊണ്ടുതന്നെയാണ്, ''ചുങ്കക്കാരും വേശ്യാ സ്ത്രീകളും നിങ്ങൾക്ക് മുൻപായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുമെന്നു ഞാൻ നിങ്ങളോട് പറയുന്നു" എന്നു കർത്താവ് പറഞ്ഞത്.

വീണ്ടും സ്വർഗ്ഗരാജ്യത്തെക്കുറിച്ച് വേറൊരു ഉപമ കർത്താവ് പറഞ്ഞിരിക്കുന്നത് നോക്കുക. ഒരുവൻ കല്യാണ വിരുന്നിന് പലരേയും ക്ഷണിച്ചു. അകത്തുവന്നിരുന്നവരിൽ ഒരുവൻ കല്യാണവസ്ത്രം ധരിക്കാതെ വന്ന് പന്തിയിലിരുന്നു. വിരുന്നൊരുക്കിയവർ വന്നുനോക്കി അഴുക്കുവസ്ത്രം ധരിച്ചവനോട് അവന് കല്യാണവസ്ത്രം ഇല്ലാത്തതിനാൽ ഇറങ്ങിപ്പോകാൻ പറഞ്ഞു. അവൻ ലജ്ജിച്ചു ഇറങ്ങിപ്പോയി. നമ്മൾ സുകൃതങ്ങളാൽ നല്ല വസ്ത്രങ്ങൾ സമ്പാദിക്കണം. അനുതാപങ്ങൾ അഴുക്കുവസ്ത്രങ്ങളെ വെളുപ്പിക്കണം. അങ്ങനെ ഒരുക്കത്തോടെ അകത്തുചെല്ലണം. അല്ലെങ്കിൽ നമ്മെ സ്വർഗ്ഗരാജ്യത്തിനകത്തു നിർത്തുകയില്ല.

സദ്യക്ക് ക്ഷണിച്ചാൽ ഏറ്റവും എളിയസ്ഥാനത്തിരിക്കണം. നിങ്ങളെ ക്ഷണിച്ചവൻ വന്ന് നിങ്ങളുടെ മാന്യത തിരിച്ചറിഞ്ഞ് നിങ്ങളെ ഉയർന്ന സ്ഥാനത്തേക്ക് കയറ്റിയിരുത്തും. നീ ഉന്നത സ്ഥാനം മോഹിച്ചുചെന്നു കേറി സ്വയം ഇരിക്കരുത്. ഇരുന്നാൽ നിന്നെക്കാൾ മാന്യൻ വരുമ്പോൾ നിന്നെ താഴെ ഇറക്കിയിരുത്തിയേക്കും. നീ ലജ്ജിക്കേണ്ടിയുംവരും. തന്നത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും തന്നത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടുകയും ചെയ്യും.

**പെന്തിക്കോസ്തിയുടെ ശേഷം പത്താം ഞായറാഴ്ച**

**(ലൂ. 9:2-17; മത്തായി 16:13-20; മത്തായി 18:1-14)**

വി. കുർബാനയുടെ ഏവൻ ഗേലിയോനിൽ കർത്താവ് ഒരു പൈതലിനെ വിളിച്ച് ശിഷ്യന്മാരുടെ നടുവിൽ നിർത്തിയിട്ട് നിങ്ങൾ മനസ്സു തിരിഞ്ഞ് പൈതലിനേപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നുയെന്നു പറഞ്ഞു. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര് എന്നു ശിഷ്യന്മാർക്ക് സംശയമുണ്ടായപ്പോളാണ് കർത്താവ് ഇങ്ങനെ ചെയ്തതും പറഞ്ഞതും. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ഈ പൈതലിനേപ്പോലെ തന്നത്താൻ താഴ്ത്തുന്നവനാണ് എന്നും കർത്താവ് കൂട്ടിച്ചേർത്തു. തന്നത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും. തന്നത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും എന്ന് കർത്താവ് പറഞ്ഞത് അനുഭവമാണ്. അനുദിനം ലോകത്തിൽ നമുക്കതു കാണാം. നിങ്ങളിൽ വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവർക്കും ശുശ്രൂഷകനായിരിക്കട്ടെ. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ ഇപ്രകാരം ചെയ്വിൻ എന്നും, ഞാൻ ശുശ്രൂഷിപ്പാനല്ലാതെ ശുശ്രൂഷിക്കപ്പെട്ടുവാനല്ല വന്നത് എന്നും കർത്താവ് അരുളിയിട്ടുണ്ട്.

"തന്നത്താൻ താഴ്ത്തുന്നവനെല്ലാം തന്നത്താൻ ഉയർത്തപ്പെടും" എന്ന് ചിലർ വേദവാക്യം ഉദ്ധരിക്കാറുള്ളത് അത്ര ശരിയല്ല. നാം പ്രത്യേകം ശ്രദ്ധിക്കണം. 'തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും.' തന്നത്താൻ ഉയർത്തപ്പെടും എന്നല്ല, ഉയർത്തുന്നത് മറ്റുള്ളവരാലോ ദൈവത്താലോ ആണ് തന്നത്താനല്ല. "തന്നത്താൻ" എന്ന പദത്തിന് "തനിയേ" എന്നു അർത്ഥം കൊടുത്തിട്ടാണ് ചിലരങ്ങനെ പറയുന്നത് "തനിയെ" യാണെങ്കിൽ ഉയർത്തപ്പെടുകയോ താഴ്ത്തപ്പെടുകയോ അല്ല, ഉയരുകയോ താഴുകയോ ആണ്. "തന്നത്താൻ" എന്നതിന് "സ്വയം" "അവനവനാൽ തന്നെ" എന്നാണ് അർത്ഥം. ഒരുത്തരുടേയും സഹായവും സ്വപരിശ്രമവും കൂടാതെ എന്ന അർത്ഥത്തിലായിരിക്കാം "തനിയേ" എന്ന് ചിലർ വിചാരിക്കുന്നത്. അങ്ങനെയെങ്കിൽ അത് ദൈവത്താലാണ്. അതുകൊണ്ടാണ് "തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" എന്നു പറയുന്നത്. ഉയർത്തുന്നത് ദൈവമാണെന്നുള്ളത് വ്യംഗ്യമാണ്. മറ്റുള്ളവരാൽ എന്നു പറഞ്ഞാലും മറ്റുള്ളവരേക്കൊണ്ട് തന്നത്താൻ താഴ്ത്തുന്നവനെ ഉയർത്തുന്നത്. ദൈവമാണെന്നേ ഭക്തനും വിശ്വാസിയുമായ ഒരുവൻ പറയുകയുള്ളു. മറിയാം: "കണ്ടാലും ഞാൻ കർത്താവിന്റെ ദാസി" എന്നു പറഞ്ഞു തന്നത്താൻ താഴ്ത്തി. പുൽതൊട്ടിയിൽ കിടക്കുവാൻ തക്കവണ്ണം താഴ്മ വരിപ്പൂ, ശിഷ്യരുടെ കാലുകൾ കഴുകി, അവൻ ദൈവപുത്രനായി. 'ഇവൻ എന്റെ പ്രിയപുത്രൻ' എന്നു പിതാവിനാൽ സാക്ഷിക്കപ്പെട്ടവനായി, മരിച്ചവരിൽ നിന്ന് മഹത്വത്തോടെ ഉയർത്തപ്പെട്ടു, മഹത്വീകരിക്കപ്പെട്ടു സ്വർഗ്ഗാരോഹണം ചെയ്തു.

തുടരും...

യാത്രവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും

**കെ.ഒ. ഫിലിപ്പ് കൈപ്പൂർ**

**യോർദ്ദാൻ നദി (Jordan River)**

20 മിനിറ്റു യാത്ര ചെയ്ത് ഞങ്ങൾ യോർദ്ദാൻ നദിക്കരികെയെത്തി. ജോർദ്ദാനെയും യിസ്രായേലിനെയും വിഭജിച്ചുകൊണ്ട് യിസ്രായേലിന്റെ കിഴക്കെ അതിർത്തിയിൽകൂടി വളഞ്ഞ് പുളഞ്ഞ് ഒഴുകുന്ന വീതി കുറഞ്ഞതും, താഴ്ചയില്ലാത്തതുമായ തോടാണ് യോർദ്ദാൻ നദി. യോർദ്ദാൻ എന്നതിന്റെ അർത്ഥം "താഴേക്ക് വരുന്നവൻ" എന്നാണ്. സമുദ്രനിരപ്പിൽനിന്ന് 70 മീറ്റർ ഉയരത്തിൽ തുടങ്ങി, സമുദ്രനിരപ്പിൽനിന്ന് നിന്ന് 400 മീറ്റർ താഴെ ചാവു കടലിൽ പതിക്കുന്നു. നദി എന്നു സങ്കല്പിക്കുന്ന അച്ചൻകോവിലാറോ, ഭാരതപ്പുഴയോ പോലുള്ളവയല്ല ഇത്. ഒരുവൻ തോട് എന്നു പറയാം. സ്ഫടിക തുല്യമായ ജലം. ഇരുകരളും വൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു.

ഹെർമേമാൻ പർവതത്തിൽ നിന്നുള്ള മൂന്ന് നീർചാലുകളിൽ നിന്ന് ഉത്ഭവിച്ച് ഹൂലേ തടാകം വഴി മഗ്ദലന ഗ്രാമത്തിനോട് ചേർന്ന് ഒഴുകി, ഗിന്നസരേത്ത് തടാകത്തിൽ (ഗലീലകടൽ) ഈ നദി പതിക്കുന്നു. അവിടെ നിന്നും ഒഴുകി ചാവുകടലിലേക്ക് എത്തിച്ചേരുന്നു. യർമൂക്ക്, യാബോക്ക് എന്നീ പോഷക നദികളും യോർദ്ദാൻ നദിക്കുണ്ട്. പലസ്തീനിലെ ഏറ്റവും വലിയ നദിയാണിത്. ഹെർമ്മോനിൽ നിന്ന് തുടങ്ങി ചാവുകടൽ വരെ 300 കി. മീറ്റർ നീളമുണ്ട് ഈ നദിക്ക്. വീതി 60 അടി മുതൽ 100 അടി വരെയും ആഴം 6 അടി മുതൽ 10 അടി വരെയും. യോർദ്ദാനിലെ ജലം ഹെർമ്മോൻ മഞ്ഞ് ഉരുകിയിറങ്ങുന്ന ഐസ് വെള്ളവും, പിന്നീട് മറ്റ് പോഷക നദികളും, നീർചാലുകളും ഒഴുകിയിറങ്ങുന്ന ചൂട് വെള്ളവും ചേർന്നതാണ്. (മാമ്മൂദീസായിൽ ചൂട് വെള്ളവും തണുപ്പ് വെള്ളവും ചേർക്കുന്നതിന്റെ സാരാംശം ഇതാണ്). യോർദ്ദാനിലെ വെള്ളം, പരിശുദ്ധിയുടേയും ദൈവീകത്വത്തിന്റെയും അടയാളമായി കാണുന്നു. ലോകത്തിൽ ഏറ്റവും താഴ്ന്ന ഒഴുകുന്ന നദികൂടിയാണ് യോർദ്ദാൻ.

വി. ഗ്രന്ഥത്തിന്റെ യോർദ്ദാൻ നദിയെപ്പറ്റി 200 ലേറം പ്രാവശ്യം പരാമർശിക്കുന്നുണ്ട്. ആദ്യപ്രസ്താവന മോശയുടെ 1-ാം പുസ്തകം 32-ാം അദ്ധ്യായം 10-ാം വാക്യത്തിൽ ആണ്. യാക്കോബ് രണ്ട് പ്രാവശ്യം യോർദ്ദാൻ നദി കടന്നതായി കാണുന്നു. യിസ്രായേൽ ജനം അവസാനമായി പാളയമിറങ്ങിയത് യോർദ്ദാന്റെ തീരത്തായിരുന്നു. (നാലാം പുസ്തകം 22:1). ഏലീയ തന്റെ പതുപ്പ് എടുത്ത് മടക്കി വെള്ളത്തെ അടിച്ചപ്പോൾ യോർദ്ദാനിലെ വെള്ളം ഇരുവശങ്ങളിലേക്കും മാറിപ്പോയി. അങ്ങനെ ദീർഘദർശിമാർ (ഏലീയായും, ഏലീശയും) ഉണങ്ങിയ നിലത്തുകൂടി അക്കരെ കടന്നു (2 രാജാ. 2:8).

നിയമപെട്ടകം ചുമന്ന പുരോഹിതർക്കായി യോർദ്ദാൻ നദി, ചാവുകടലിലേക്ക് ഒഴുകിപോയതായി യോശുവായിൽ വായിക്കുന്നു (അദ്ധ്യായം 3:14-17). യോർദ്ദാൻ നദിയിൽ 7 പ്രാവശ്യം മുങ്ങി കുളിച്ചപ്പോൾ നയമാന്റെ കുഷ്ഠരോഗം മാറി (2 രാജാ. 5-ാം അദ്ധ്യായം).

യൂഹാനോൻ മംദാനാ മാനസാന്തരത്തിന്റെ സ്നാനം നല്കിയിരുന്നത്, യോർദ്ദാൻ നദിയിലായിരുന്നു. '*'... യറുശലേം യഹൂദ്യ മുഴുവനും, യോർദ്ദാന്റെ ചുറ്റുമുള്ള സർവ്വപ്രദേശവും അവന്റെ അടുക്കലേക്ക് വന്ന്... അവർ തങ്ങളുടെ പാപങ്ങളെ ഏറ്റ് പറഞ്ഞ് യോർദ്ദാൻ നദിയിൽ അവനിൽനിന്ന് മാമ്മൂദീസ ഏറ്റിരുന്നു"* (മത്താ. 3:5-6). "ഞാൻ നിങ്ങൾക്ക് മാനസാന്തരത്തിനായി വെള്ളംകൊണ്ട് മാമ്മൂദീസാ നല്കുന്നു... അവൻ (യേശു) പരിശുദ്ധത്മാവ് കൊണ്ടും അഗ്നികൊണ്ടും നിങ്ങൾക്ക് മാമ്മൂദീസാ നല്കും" (മത്താ. 3:11). (ഈ പുസ്തകത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന അനുബന്ധം II കാണുക).

"നദി യോർദ്ദാനെ! മോദിച്ചീടുക നിന്നിൽ-
സ്നാനമതേറ്റു രക്ഷകനാകും മശിഹാ."

*"അനന്തരം യോഹന്നാനിൽ നിന്ന് മാമ്മൂദീസാ സ്വീകരിപ്പാൻ യേശു ഗലീലയിൽ നിന്ന് യോർദ്ദാനിൽ അവന്റെ അടുക്കൽ വന്നു. യോഹന്നാൻ അവനെ തടഞ്ഞുകൊണ്ട് ഞാൻ അങ്ങയിൽനിന്ന് സ്നാനം കൈക്കൊള്ളേണ്ടവനത്രെ. അങ്ങ് എന്റെ അടുക്കൽ വന്നിരിക്കുന്നുവോ? എന്ന് ചോദിച്ചു. യേശു ഉത്തരമായി അവനോട് "ഇപ്പോൾ സമ്മതിക്കുക; എന്തെന്നാൽ ഇങ്ങനെ സർവ്വ നീതിയും നാം പൂർത്തിയാക്കേണ്ടതാകുന്നു" എന്ന് പറഞ്ഞു. അപ്പോൾ യോഹന്നാൻ അവനെ (സ്നാനം ഏൽക്കുവാൻ) സമ്മതിച്ചു. അപ്പോൾ യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്ന് കയറി. സ്വർഗ്ഗം അവനായി തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവ് പോലെ ഇറങ്ങി. അത് തന്റെ മേൽ വരുന്നത് അവൻ കണ്ടു. "ഞാൻ അവനിൽ പ്രസാദിച്ചിരിക്കുന്നു. എന്റെ പ്രിയ പുത്രൻ ഇവനാകുന്നു" എന്നു പറയുന്ന ശബ്ദവും സ്വർഗ്ഗത്തിൽ നിന്നും ഉണ്ടായി (മത്തായി. 3:13-17).*

ലൂക്കോസിന്റെ സുവിശേഷം 3-ാം അദ്ധ്യായം 23-ാം വാക്യം ഉദ്ധരിച്ചുകൊണ്ട് യേശുക്രിസ്തു മാമ്മൂദീസാ സ്വീകരിച്ചത് 30-ാം വയസ്സിൽ ആയിരുന്നുവെന്ന് പറഞ്ഞുവരുന്നുണ്ട്. എന്തുകൊണ്ട് 30 വരെ ദീർഘിപ്പിച്ചു? പഴയനിയമ ലേവ്യാ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്നത് മുപ്പതാം വയസ്സ് മുതൽ മാത്രമായിരുന്നു എന്നതിനാൽ തന്നെ, മോശയുടെ നാലാം പുസ്തകം 4-ാം അദ്ധ്യായം 3-ാം വാക്യം നോക്കുക. "സ്നാനം ചെയ്‌വാൻ സുതനീശൻ യോർദ്ദാൻ പൂകി തീയും വിറകും കുടാതെ ജലമൂഷ്മളമായി

വൈദികനെപ്പോൽ വന്നിഹ യൂഹാനോൻ
ഉടയോൻ തലമേൽ വച്ചു വലതുകരം
പ്രാവെന്നോണം റൂഹ്ക്കുദിശാ പാറിത്താണു
യോർദ്ദാൻ നദിയിലെ നീരിൻമേൽ ചെയ്താനാ
വാസം"

യോഹന്നാൻ മാമ്മൂദീസാ നടത്തിക്കൊണ്ടിരുന്നത് യോർദ്ദാന് അക്കരെ ബത്-അനിയ എന്ന സ്ഥലത്തായിരുന്നു (യോഹ. 1:28). കർത്താവ് മാമ്മൂദീസാ സ്വീകരിച്ച യോർദ്ദാൻ നദിയുടെ യഥാർത്ഥസ്ഥാനത്ത്, ഇന്ന് ആരെയും പോകുവാൻ അനുവദിക്കുകയില്ല. ഗ്രീക്ക് ഓർത്തഡോക്സ്കാരുടെ ഒരു പള്ളി അവിടെയുണ്ട്. വർഷത്തിൽ ഒരു പ്രാവശ്യം ആ വിശുദ്ധ ദിനാചരണത്തിനായി ഗവൺമെന്റിന്റെ പ്രത്യേക ആ വിശുദ്ധ ദിനാചരണത്തിനായി ഗവൺമെന്റിന്റെ പ്രത്യേക അനുമതിയോടെ ശുശ്രൂഷകൾ നടത്താറുണ്ട്. (ജനുവരി 6-ാം തീയതി സുറിയാനി സഭ *ദനഹാ* (ദനഹാ എന്നാൽ ഉദയം എന്നർത്ഥം) പെരുന്നാൾ Epiphany ആചരിക്കുന്നു. ദനഹാ എന്ന് പേരുള്ളവരും മദ്ധ്യപൂർവദേശങ്ങളിൽ ഉണ്ട്, യൽദോ എന്നപോലെ). ഈ സ്ഥലം യിസ്രായേൽ ഗവൺമെന്റിന്റെ മിലിട്ടറി ഏറിയായക്ക് അകത്തായിട്ടാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്.

യോർദ്ദാന്റെ വേറൊരു കരയിൽ തീർത്ഥാടകർക്ക് സന്ദർശനത്തിനും മാമ്മൂദീസായിക്കായും വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഈ സ്ഥലത്തിന് യർദനീത്ത് (Yardenit) എന്ന് പറയുന്നു. ഞങ്ങൾ മിക്കവരും നദിയിൽ ഇറങ്ങി. ഞാൻ മുഖത്തും ശരീരമാകെയും വെള്ളമൊഴിച്ച് കഴുകി. യോർദ്ദാനിലെ ജലം നാട്ടിലേക്ക് കൊണ്ടുപോകണം എന്നാഗ്രഹിച്ചിരുന്നതിനാൽ, പലരും നേരത്തെ കരുതിയിരുന്ന കുപ്പികളിലാക്കി നിറയ്ക്കുകയും ചെയ്തു. പഴയനിയമത്തിലും പുതിയനിയമത്തിലും ഒരേപോലെ പ്രാധാന്യമർഹിക്കുന്ന യോർദ്ദാൻ നദിയിൽ ഇറങ്ങി, അതിൽ നിന്ന് വെള്ളം കൈയിൽ കോരിയെടുത്തപ്പോൾ, ഒരു ആത്മീയ നിർവൃതിയുടെ അനുഭവമായി.

ധാരാളം മത്സ്യങ്ങൾ യോർദ്ദാൻ നദിയിൽ കാണാൻ കഴിയും. ഇന്നും ബ്രിട്ടീഷ് രാജകുടുംബങ്ങളിലെ മാമ്മൂദീസായ്ക്ക് ഉപയോഗിക്കുന്ന വെള്ളം യോർദ്ദാൻ നദിയിലേതാണ്. ഫൈല്റ്റിൽ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാര്, ഒരു പുനർ മാമ്മൂദീസ നടത്തുന്ന പതിവും ഉണ്ട്. ഇതിനടുത്തായി കരയിൽ, ഹോട്ടലുകളും സൂപ്പർമാർക്കറ്റുകളും കാണപ്പെട്ടു. പുതിയ യഹൂദ കോളനിയും കാണാം. 1.30 ന് ഞങ്ങൾ യോർദ്ദാൻ നദിക്കരയിൽ നിന്നും കഫർനഹൂമിലേക്ക് യാത്രയായി.

**കഫർനഹൂം (Kefer Nahum)**

തിബിരിയാസ് കടൽത്തീരം (ഗലീലക്കടൽ) വഴിയായിരുന്നു. കഫർനഹൂമിലേക്കുള്ള ഞങ്ങളുടെ യാത്ര. സമുദ്രനിരപ്പിൽനിന്നും 200 മീറ്റർ താഴ്ചയിലാണ് തിബരിയാസ് കടൽ. 2.5 ന് ഞങ്ങൾ കഫർനഹൂമിലെത്തി.

*"യേശു പടക് കയറി അക്കരയ്ക്ക് കടന്ന്, സ്വന്ത നഗരത്തിലെത്തി" (മത്താ. 9:1).* "Capharnaum: The Town of Jesus" എന്നൊരു ബോർഡ് കഫർനഹൂം പട്ടണത്തിന്റെ പ്രധാന പ്രവേശന കവാടത്തിൽ എഴുതിവച്ചിരിക്കുന്നത് കാണാം. യേശുവിന്റെ സ്വന്തപട്ടണം എന്ന് കഫർനഹൂമിനെ വിശേഷിപ്പിച്ചിരിക്കുന്നു. തിബരിയാസ് കടലിന്റെ വടക്ക് പടിഞ്ഞാറായി ഈ പട്ടണം സ്ഥിതി ചെയ്യുന്നു. കോരസീനും, മഗ്ദലനയും, ബെത്സെയ്ദായും ചുറ്റിനും കിടക്കുന്ന പ്രദേശങ്ങൾ. യോർദ്ദാൻ താഴ്‌വരവരയിലുൾപ്പെട്ടിരുന്ന സ്ഥലങ്ങൾ കൂടിയാണിവ. *"... യേശു നസറേത്ത് വിട്ട് സെബൂലൂന്റെയും നഫ്താലിയുടെയും അതിർത്തിയിൽ കടൽക്കരയുള്ള കഫർനഹൂമിൽ വന്നു പാർത്തു" (മത്താ. 4:13).* ഒരു നഹൂം ദീർഘദർശിയുടെ കബർ ഉണ്ടായിരുന്നതിനാലായിരിക്കാം, കഫർനഹൂം എന്ന് പേരുവന്നതെന്നു പറയുന്നു. കഫർനഹൂം എന്നാൽ നഹൂമിന്റെ പട്ടണം എന്നർത്ഥം.

*"ദുഃഖത്തിലാണ്ടുപോയവരുടെ അന്ധകാരം നീങ്ങിപ്പോകും. സെബൂലൂന്റെയും നഫ്താലിയുടെയും ദേശങ്ങളെ ദൈവം നിന്ദ്യമാക്കി. എന്നാൽ അവിടുന്ന് ശക്തിപ്പെട്ടു സമുദ്രത്തിലേക്കുള്ള പാതയെ യോർദ്ദാൻ നദീതീരങ്ങളെ ജാതികളുടെ ഗലീലായെ താൻ ശക്തമാക്കും. അന്ധകാരത്തിൽ ഇരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. അന്ധകാര സ്ഥലത്ത് വസിച്ചവരുടെ മേൽ പ്രകാശം ശോഭിച്ചു"* എന്ന ഏശായാ പ്രവചനത്തിന്റെ (ഏശാ. 9:1-2) നിവൃത്തിയെന്നവണ്ണം, യേശു ഗലീലിയായിലെ ഈ പട്ടണത്തിൽവച്ച്, അനേക അത്ഭുത പ്രവൃത്തികൾ ചെയ്തിട്ടുമ്ട്. തന്റെ പരസ്യശുശ്രൂഷ കഫർനഹൂം കേന്ദ്രമാക്കിക്കൊണ്ടായിരുന്നു. സമാധാനം ഘോഷിക്കുന്ന സുവാർത്താ ദൂതനായി യേശുക്രിസ്തു ഇവിടെ തന്റെ പാദം ഉറപ്പിക്കുമെന്ന്, നഹൂം ദീർഘദർശി നേരത്തെ തന്നെ ക്രിസ്തുവിന് ഏതാണ്ട് 700 വർഷം മുൻപ് പ്രവചിച്ചിരുന്നു (നഹൂം. 1:15).

**യേശു ഇവിടെ പ്രവർത്തിച്ച അത്ഭുതങ്ങൾ**

1. ശതാധിപന്റെ (Centurian) ബാല്യക്കാരനെ സൗഖ്യമാക്കി (മത്താ. 8:5-13). അവൻ കഫർനഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ വന്ന് അവനോട്: *"കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷപാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കഴിയുന്നു"* എന്നു പറഞ്ഞു. ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്ന് യേശുവിന്റെ മറുപടി. *നീ എന്റെ പുരയ്ക്കകത്ത് വരുവാൻ യോഗ്യനല്ല. ഒരു വാക്ക് മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരൻ സൗഖ്യമാകും* എന്ന ശതാധിപന്റെ മറുപടി കേട്ട്, യേശു *"നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ"* എന്ന് പറഞ്ഞു. ആ നാഴികയിൽ തന്നെ അവന്റെ ബാല്യക്കാരന് സൗഖ്യം എന്നു. വലിയ നോമ്പിന്റെ രണ്ടാം ഞായറാഴ്ചയിൽ കർത്താവിന്റെ ഈ അത്ഭുതത്തെ സുറിയാനി സഭ ധ്യാനിക്കുന്നു.

തുടരും...

# ശിശുസ്നാനം ആദിമസഭയിൽ നിന്നുള്ള പാരമ്പര്യമാണ്

**ആനി. വി. തോമസ്, ആരക്കുന്നം**

17-ാം നൂറ്റാണ്ടിൽമാത്രം യൂറോപ്പിൽ രൂപംകൊണ്ട Anabaptist (പുനർസ്നാനക്കാർ)വരും അവരുടെ പിൻഗാമികളായ ബ്രദറൺ, ബാപ്റ്റിസ്റ്റ്, പെന്തക്കോസ്തു സമൂഹങ്ങളും ശിശുസ്നാനം തെറ്റാണെന്നു പഠിപ്പിക്കുന്നു. ശിശുസ്നാനം ഏറ്റവർ രണ്ടാമത് മുതിർന്ന സ്നാനം ഏൽക്കണമെന്ന് വാദം.

ദർശനവരവും പ്രവചനവരവും മറുഭാഷാവരവുമെല്ലാം യഥാർത്ഥമായി ഉണ്ടായിരുന്ന ആദിമസഭയിൽ ശിശുസ്നാനം ഉണ്ടായിരുന്നുവെന്നും പഠിക്കുമ്പോൾ അത് അപ്പസ്തോലിക പാരമ്പര്യമാണെന്നുള്ള തെളിവുകൾ നിരത്തുക മാത്രമാണ് എന്റെ ദൗത്യം. വി. മൂറോൻ തൈലാഭിഷേകം, മാമോദീസ മുതലായവ അപ്രത്യക്ഷമായ രഹസ്യങ്ങളുടെ പ്രത്യക്ഷമായ അടയാളങ്ങളാണ്. ചരിത്രത്തിൽ നിന്നുള്ള ചില തെളിവുകൾ ചുവടെ ചേർക്കുന്നു.

1. പ്ലിനി (എ.ഡി. 112/113):- ബിഥിനിയ ഗവർണ്ണറായ പ്ലിനി ട്രാജർ ചക്രവർത്തിക്കെഴുതിയ കത്തിൽ "വളരെ പ്രായം കുറഞ്ഞവരും പ്രായമുള്ളവരോടൊപ്പം സഭാംഗങ്ങളാണ്" എന്നും എല്ലാ പ്രായത്തിലുമുള്ള അനേകർ ഈ വിശ്വാസം സ്വീകരിച്ചിരിക്കുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

2. ലയൺസിലെ ഐറേനിയസ് (സി. 180 എ.ഡി. (Against Heresis 2:22:4):- "താൻവഴി എല്ലാവരെയും രക്ഷിക്കാൻ (യേശു) വന്നു അവൻ വഴി വീണ്ടും ജനിക്കുന്ന എല്ലാവരെയും എന്നു ഞാൻ പറയുന്നു ശിശുക്കൾ, കുട്ടികൾ ബാലന്മാർ യുവാക്കൾ വൃദ്ധർ."

3. തെർത്തുല്യൻ എ.ഡി. 200/206:- വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ക്രിസ്തുമതത്തിന്റെ ചരിത്രം ആരംഭിക്കുന്നത് എ.ഡി. 180 ലാണ്. 200/206 ലാണ് തെർത്തുല്യൻ ശിശുസ്നാനത്തിനെതിരായി എഴുതുന്നത്. അതായത് ആഫ്രിക്കൻ സഭയുടെ ആരംഭം മുതൽ ശിശുസ്നാനം നിലനിന്നു എന്നു ഊഹിക്കാം. തെർത്തുല്യൻ പിന്നീട് ക്രിസ്തുസഭ വിട്ടു മൊൺടേന മതത്തിൽ ചേർന്നു.

4. സെന്റ് ഹിപ്പോളിറ്റസ് എ.ഡി. 215:- എ.ഡി. 215 ൽ എഴുതിയ Apostolic tradition എന്ന ഗ്രന്ഥത്തിൽ മാമോദീസയെപ്പറ്റി ഇങ്ങനെ പറയുന്നു. ആദ്യം കൊച്ചുകുട്ടികളെ സ്നാനപ്പെടുത്തുന്നു. അവർക്ക് തനിയെ ഉത്തരം നല്കാൻ കഴിയുമെങ്കിൽ അവർ തന്നെ നല്കട്ടെ. അവർക്ക് സാദ്ധ്യമല്ലെങ്കിൽ അവരുടെ മാതാപിതാക്കളോ കുടുംബത്തിൽപ്പെട്ട മറ്റുള്ളവരൊ ഉത്തരം നല്കട്ടെ. പിന്നീട് പുരുഷന്മാരെ സ്നാനപ്പെടുത്തുന്നു. അവസാനമായി സ്ത്രീകളെയും ഇങ്ങനെ കുടുംബത്തെ സ്നാനപ്പെടുത്തുന്നു.

5. ഒറിജൻ എ.ഡി. 233/234:- ശിശുക്കളുടെ സ്നാനം സഭാചാരമാണ് എന്ന് ഒറിഗൻ പറയുന്നു. (1) അതുകൊണ്ട് ശിശുക്കളെയും സ്നാനപ്പെടുത്തുന്നു. ലൂക്കോ ഹോമിലി 14 on 2:22. (2) സഭാചാരമനുസരിച്ച് ശിശുക്കൾക്കും സ്നാനം കൊടുക്കുന്നു (ലേവ്യ ഹോമിലി 8:3 on 2:2. (3) ഇക്കാരണത്താൽ ശിശുക്കളെയും സ്നാനപ്പെടുത്തുന്ന *പാരമ്പര്യം ശ്ലീഹന്മാരിൽ നിന്ന് സഭയ്ക്കുകിട്ടി.* റോമ ലേഖനഭാഷ്യം 5:9 on 6-5-7).

6. കാർത്തേജിലെ സിപ്രിയൻ:- ഉത്ഭവ പാപം നിമിത്തം എട്ടുദിവസംവരെ സ്നാനം മാറ്റിവയ്ക്കരുത്. ജനനം കഴിഞ്ഞാലുടൻ (രണ്ടാം ദിവസമോ മൂന്നാം ദിവസമോ തന്നെ) സ്നാനപ്പെടുത്തണം എന്ന് ആഫ്രിക്കയിലെ ബിഷപ്പുമാരുടെ സിനഡ് (എ.ഡി. 251) തീരുമാനിച്ചതായി സിപ്രിയന്റെ 64-ാം കത്തിൽ പറയുന്നു.

കുപ്രിയാനൊബ് അദ്ദേഹത്തിന്റെ കീഴിലുള്ള 66 മെത്രാന്മാരുംകൂടി ആഫ്രിക്കയിൽ കാർത്തേജ് പട്ടണത്തിൽ എ.ഡി. 253 ൽ ഒരു പ്രാദേശിക സുന്നഹദോസ് നടത്തി അദ്ദേഹം പറയുന്നത് മുമ്പ് "ദൈവമുമ്പാകെ പാപം ചെയ്തവർ അനേക പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അവർ വിശ്വസിക്കുകയും പാപങ്ങളുടെ മോചനം പ്രാപിക്കുകയും ചെയ്തുകൊണ്ട് അവരിൽ ഒരുവനും മാമോദീസായിൽനിന്നും കൃപയിൽനിന്നും വിരോധിക്കപ്പെടുന്നില്ലെങ്കിൽ ബോധം പ്രകാശിക്കാത്തവരും പാപം ചെയ്യാത്തവരുമായ ശിശുക്കൾ അവരിലുള്ളതായ ജന്മപാപത്താൽ കറപിടിക്കുകയും ആദാമ്യമരണത്തിന് പങ്കാളികളാകുകയും ചെയ്തതുകൊണ്ട് അവർക്കും മാമോദീസ ആവശ്യമത്രെ. എന്തെന്നാൽ മാമോദീസ രക്ഷ സമ്പാദിപ്പാനുള്ള വ്യവസ്ഥയും കർമ്മപാപത്തിന് മാത്രമല്ല ജന്മപാപത്തിനുമുള്ള മോചനവും ആകുന്നു. ആകയാൽ സുന്നഹദോസ് താഴെ പറയും പ്രകാരം നിശ്ചയിച്ചു ഒരുവനെയും മാമോദീസായിൽ നിന്നും കരുണയുള്ള ദൈവത്തിന്റെ കൃപയിൽ നിന്നും വിരോധിപ്പാൻ അധികാരമില്ല. എന്തെന്നാൽ മാമോദീസ എല്ലാവർക്കും പ്രത്യേകിച്ച് ശിശുക്കൾക്കും ഉള്ളതാകുന്നു. (59-ാം ലേഖനം). കടപ്പാട്: വിശ്വാസസത്യങ്ങൾ - കണിയാമ്പറമ്പിലച്ചൻ).

7. മൂന്നാം നൂറ്റാണ്ടിൽ ശിശുക്കളെ അടക്കം ചെയ്ത കല്ലറകളിൽ എഴുതപ്പെട്ട ശ്മശാനലിഖിതങ്ങൾ ശിശുക്കളെ സഭാംഗങ്ങളായി അംഗീകരിച്ചിരുന്നു എന്നും മറ്റും ഉള്ള രേഖകൾ ശിശുക്കളെ സ്നാനപ്പെടുത്തിയിരുന്നു എന്നു കരുതാം.

(സമ്പാ: ഫാ. ജി. ചേടിയത്ത് ശിശുസ്നാനം വേദാ

നുസുതം പൗരസ്ത്യ വിദ്യാപീഠം, കോട്ടയം - 1993). എ.ഡി. 418 ൽ കൂടിയ കാർത്തേജ് കൗൺസിൽ ശിശുക്കളെ സ്നാനപ്പെടുത്തരുത് എന്നു പറയുന്നവരെ ശിക്ഷിക്കണമെന്ന് തീരുമാനമെടുത്തു (കാനൻ 2).

പ്രൊട്ടസ്റ്റൻഡ് സഭകളിൽ ആംഗ്ലിക്കൻ, ലൂഥറൻ പ്രിസ്ബിറ്റേറിയൻ സഭകളും ശിശുസ്നാനം അംഗീകരിക്കുന്നു.

ജസ്റ്റിൻമാർട്ടർ 155 എ.ഡി.

സ്നാനം ദിവ്യപ്രകാശനമാണ് ത്രിത്വത്തിന്റെ നാമത്തിലുള്ള കുളിയുടെ (സ്നാനത്തിന്റെ) ഫലമായി വീണ്ടും ജനനം പ്രാപിക്കുന്നു.

ഞങ്ങൾ ശൈശവം മുതൽക്ക് തന്നെ ക്രിസ്ത്യാനികളായിരിക്കുന്നു. ഇപ്പോൾ ഞങ്ങളിൽ പലരും 60 അല്ലെങ്കിൽ 70 വയസ്സുള്ളവരാണ്. (ശിശുസ്നാനം സി. എസ്.ഐ. വൈദിക മിഷൻ റവ. എസ്. ജോൺ).

മഹാനായ ബേസിൽ 371/2 എ.ഡി.

വാലെൻസ് ചക്രവർത്തിയുടെ മരണാസന്നനായ പുത്രനെ (ശിശുവിനെ) സ്നാനപ്പെടുത്തണമെന്ന് ബേസിൽ പറയുന്നതായി തിയോഡൊറെറ്റ് സഭാ ചരിത്രത്തിൽ 4-19-8-10 രേഖപ്പെടുത്തിയിരിക്കുന്നു.

എ.ഡി. 449/50 Jeremiahs 19. വി. അംബ്രൊസ് എ.ഡി. 387.

മിലാനിലെ അംബ്രൊസ് (എ.ഡി. 387) ശിശുക്കളെ പരിഛേദന ചെയ്യണമെന്നുള്ള പഴയനിയമാനുഷ്ഠാനത്തെ ഉദ്ധരിച്ചുകൊണ്ട് ശിശുസ്നാനത്തെ ന്യായീകരിക്കുന്നു.

അബ്രാമിനെപ്പറ്റി II 11:81 ജെറമിയാസ് 94 5:95 വി. ജോൺ ക്രിസോസ്റ്റം.

അതുകൊണ്ട് പാപം ഒന്നും ഇല്ലെങ്കിലും കൊച്ചുകുട്ടികളെയും (Tapaidia) നാം സ്നാനപ്പെടുത്തുന്നു.

ഉൽപത്തിഹോമലി 40:4 ജെറമിയാസ് 94: 7:95) വി. ജറോം.

ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ ശിശുക്കളെ (Infants) മാമോദീസയ്ക്ക് കൊണ്ടുവരാതിരുന്നാൽ അത് ഗൗരവമായ പാപമാണെന്ന് ലേതായ്ക്കുള്ള കത്തിൽ വി. ജറോം പറയുന്നു.

(ശിശുസ്നാനം ജി. ചേടിയത്ത്).

വി. മൂറോൻ തൈലാഭിഷേകത്തിനും വെള്ളത്തിലുള്ള മാമോദിസായ്ക്കും പല മുൻകുറികളുണ്ട്. അതിഥികളെ സ്വീകരിക്കുമ്പോഴും യഹൂദമതത്തിലേക്ക് ആളെ ചേർക്കുമ്പോഴുമെല്ലാം യഹൂദന്മാർ സ്നാനം ആചരിച്ചിരുന്നു.

ക്രിസ്തുമതത്തിൽ ഇത് കൃപാവരങ്ങൾ ആകുന്ന രഹസ്യങ്ങളുടെ പ്രത്യക്ഷ അടയാളം മാത്രമാണ്. അതുകൊണ്ടുതന്നെ അപ്പസ്തോലന്മാരുടെ കൈവപ്പ് സ്വീകരിച്ചവരിൽനിന്ന് സ്നാനം സ്വീകരിക്കുമ്പോൾ നാം ക്രിസ്തുവാകുന്ന മുന്തിരിവള്ളിയുടെ തായ്തണ്ടിനോട് ഒട്ടിച്ചേരുകയാണ്.

പുരോഹിതന്റെ പാപങ്ങൾ കൂദാശകളെ നിഷ്ഫലമാക്കുന്നില്ലെന്നും സ്വീകരിക്കുന്നവരുടെ വിശ്വാസമാണ് പ്രധാനമെന്നും പാരമ്പര്യം പറയുന്നു.

ഒരുവൻ മാമോദീസ ആഗ്രഹിച്ചിട്ടും ലഭിക്കാതെ മരിച്ചുപോയാൽ അവന്റെ ആഗ്രഹം ആശയുടെ മാമ്മോദിസ്സയായി സ്വീകരിക്കുന്നു.

മാമ്മോദീസാക്ക് സാധിച്ചില്ലാ പാപത്തെ ഓർത്തു ദുഃഖിച്ചു ആശ്രുക്കൾ പൊഴിച്ചു മരിച്ചുപോകുന്നതായാൽ അവന്റെ കണ്ണുനീരുകൾ കണ്ണുനീരിന്റെ മാമ്മോദീസയായി സ്വീകരിക്കുന്നു.

പഴയനിയമ കാലത്ത് കുടുംബം (oikus) എന്നു പറയുന്നത് പുരുഷന്മാരും സ്ത്രീകളും കുട്ടികളും വേലക്കാരും ഉൾപ്പെട്ടിരുന്നു. ജെ. ജറമിയാസ്.

ശിശുക്കളെ മാമോദീസ മുക്കിക്കൂടാ എന്ന നിയമമോ സമ്പ്രദായമോ ഉണ്ടായിരുന്നുവെങ്കിൽ ആ കുടുംബത്തിൽ ശിശുക്കൾ ഒഴികെ മറ്റെല്ലാവരെയും മാമോദീസ മുക്കി എന്ന് എഴുതുമായിരുന്നു. എന്തെന്നാൽ കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരം പുരുഷന്മാരെയും മറ്റുള്ളവരെയും പോഷിപ്പിച്ച സംഭവത്തിൽ സ്ത്രീകളും പൈതങ്ങളും കൂടാതെ 5000 പേർ എന്നെഴുതിയിട്ടുണ്ട് (മത്താ. 14:20:21; 15:38).

കുടുംബങ്ങൾ സ്നാനപ്പെട്ടതായി വിവേദപുസ്തകത്തിൽ കാണപ്പെടുന്നു.

1. ലുദിയായും കുടുംബവും സ്നാനമേറ്റു (അ.പ്ര. 16:15).

2. കാരാഗൃഹ പ്രമാണിയും തനിക്കുള്ളവരെല്ലാവരും സ്നാമേറ്റു (അ.പ്ര. 16:33).

3. ക്രിസ്പോസ് തന്റെ സകല കുടുംബത്തോടും കൂടെ സ്നാനം ഏറ്റു (അ.പ്ര, 18:8).

4. സ്തഫാനോസിന്റെ ഭവനക്കാർ സ്നാനം ഏറ്റു (1 കൊരി. 1:16).

5. കൊർണല്യോസും കുടുംബവും സ്നാനം ഏറ്റു (അ.പ്ര. 10:47-48).

സ്നാനം ഏൽക്കുമ്പോൾ പകരപ്പെടുന്നത് പരിശുദ്ധാത്മാവാണ്. സ്നാനമേൽക്കുന്നവൻ ക്രിസ്തുവിനെ വരിക്കുകയാണ്. അതുകൊണ്ട് അത് ക്രിസ്തുപാരമ്പര്യത്തിൽ നിന്നാവുന്നത് ഏറ്റവും ശരിയായിരിക്കുമെന്നാണ് എന്റെ ധാരണ.

കുട്ടികൾക്കുവേണ്ടി പക്ഷെ മുതിർന്നവർ വിശ്വാസം ഏറ്റുപറയുന്നുണ്ട് വിശ്വാസത്തിൽ വളർത്തുമെന്ന് ജാമ്യമെടുക്കുന്നുണ്ട്. (പക്ഷവാതക്കാരന്റെ ഉപമ ഓർമ്മിക്കുക).

ആശയക്കുഴപ്പമുണ്ടാക്കി സമ്മർദ്ദം കൂടി ചെലുത്തി സഭാംഗങ്ങളെ പുനർസ്നാനക്കാർ അവരുടെ സഭയിലെ അംഗങ്ങളാക്കുന്നു. വേദ വിപരീതികളുടെ മാമോദീസ അംഗീകരിക്കുന്ന എപ്പിസ്കോപ്പാമാരും കശ്ശീശന്മാരും മുടക്കപ്പെടണം - എന്നാണ് ശ്ലീഹന്മാരുടെ നടപടിയെന്ന് സഭയുടെ വിശ്വാസ പ്രാമാണിക രേഖയായ ഹൂദായ കാനോൻ അനുശാസിക്കുന്നു.

Kundara
2009 July 10 YAKKOOBYAN Reg. No. 2939/76.Postal Regn. KL/QN./271/2008-10

**ഇന്ത്യയുടെ കാവൽ പിതാവ്**
**മാർ തോമാശ്ലീഹായുടെ ദുഖ്റോനോ**
**പെരുന്നാൾ സഭ ആഘോഷമായി**
**കൊണ്ടാടി...**



**BOOK POST**

To
Sri/Smt. ........................................
........................................
........................................
........................................

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthlty
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor; Chev. K.J. Abraham, Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexander Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website: www.yakkoobyan.org